# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 38    ലക്കം സെപ്റ്റംബർ 2020    വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്

**വിശുദ്ധിയുടെ മാതൃകയായ**
**മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ**
**ഞങ്ങൾക്ക് നല്കണമേ**



പിതാവിനോടുള്ള സമർപ്പണത്തിലൂടെയും
പുത്രനോടുള്ള ഐക്യത്തിലൂടെയും
പരിശുദ്ധാരൂപിയോടുള്ള
തുറവിയിലൂടെയും
ദൈവഹിതത്തിനു പൂർണ്ണമായും
വിധേയപ്പെട്ട പരിശുദ്ധ അമ്മേ,
അങ്ങയെപ്പോലെ പൂർണ്ണമായും
ത്രിയേകദൈവത്തിൽ
ആയിരിക്കുവാൻ
ഞങ്ങളെ
സഹായിക്കേണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 38 ഏലിയാ-സ്ലീവാ, മൂശെ ലക്കം സെപ്റ്റംബർ 2020

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം


- ഉത്ഥിതനിൽ വിശ്വസിക്കുന്ന ജീവിതം 5
- മറവിൽനിന്നൊരു കുർബാന 8
- നിങ്ങളാണ് ദൈവത്തിന്റെ 'ഇപ്പോൾ' 10
- സങ്കടങ്ങളാണ് നല്ലത് 12
- കല്ലറയ്ക്കപ്പുറം 14
- സ്വർഗം തുറക്കാം 15
- സെനക്കിൾ തരംഗം 17
- കാവലാൾ 18
- മോശ 20
- തിരസ്കരിക്കപ്പെട്ട സമ്മാനം 24
- വിമർശനവും വിമർശിക്കുന്നവരും 27
- ദൈവത്തിനുനേരെ കണ്ണു തുറക്കുക 28
- ഈശോയുടെ അമ്മ അവിടെയുണ്ടായിരുന്നു 30
- ക്ലീൻ ചിറ്റ് 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# സ്വർഗത്തിലേക്കുള്ള പുണ്യമാർഗം

**കോ**വിഡ് 19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ഏതാണ്ട് നിശ്ചലമായിരുന്ന ലോകം വീണ്ടും ചെറുതായി ചലിക്കാൻ തുടങ്ങിതേയുള്ളു. മനുഷ്യകുലം പൂർവസ്ഥിതിയിൽ ചലിക്കാൻ ഇനിയും മാസങ്ങളേറെ എടുക്കുമത്രേ! എന്നാൽ കാലങ്ങളും ഋതുക്കളും മുന്നോട്ടുള്ള പ്രയാണത്തിലാണ്. ആരാധനാവത്സരത്തിൽ നാമിപ്പോൾ ഏലിയാ-സ്ലീവാ, മൂശെകാലത്തിലൂടെ ചരിക്കുകയാണ്.

യുഗാന്തവും മനുഷ്യപുത്രന്റെ രണ്ടാം ആഗമനവും അന്ത്യവിധിയുമൊക്കെ ധ്യാനവിഷയമാക്കേണ്ട സമയമാണ് ഏലിയാ-സ്ലീവാ, മൂശെകാലം. ഈ കാലത്തിലെ ഞായറാഴ്ചയിലെ സായാഹ്ന നമസ്കാരത്തിലെ ഒരു ഗീതം ഇപ്രകാരമാണ്: “നരനണയുന്നു വെറും കൈയോടിളയിൽ തന്നുടെ ജനനത്തിൽ / ലോകംവിട്ടു വെറും കൈയോടവനകലുന്നു മരണത്തിൽ”. അർത്ഥസമ്പുഷ്ടമായ ഈ വരികൾ എങ്ങനെയാണ് നാം ഈലോകജീവിതം കരുപിടിപ്പിക്കേണ്ടതെന്ന് ഓർമ്മിപ്പിക്കുന്നുണ്ട്. ലോകത്തിലായിരിക്കുവോളം നമുക്കിവിടെ ജീവിക്കുന്നതിനാവശ്യമായവ നേടിയെടുക്കുന്നതിൽ തെറ്റില്ല. എന്നാൽ ഈ ഭൂമി നമ്മുടെ താല്ക്കാലിക സത്രം മാത്രമാണെന്നതും സ്ഥിരവാസം സ്വർഗത്തിലായിരിക്കണമെന്നതും നാം മറക്കാൻ പാടില്ല. വെറും കൈയോടെ ഭൂമിയിൽ കടന്നുവന്ന നാം ദൈവസ്നേഹത്തിനും പരസ്പരസ്നേഹത്തിനും കുറവുവരുത്തി എന്തൊക്കെയോ വാരിയെടുക്കാനും വെട്ടിപ്പിടിക്കാനും ശ്രമിക്കുന്നുണ്ടെങ്കിൽ നമ്മുടെ ജീവിതം ഒരു പരാജയമാണ് എന്നോർക്കുക. എല്ലാവർക്കും കാണാൻ തക്കവിധം തന്റെ ശൂന്യമായ കൈകൾ ശവമഞ്ചത്തിനു പുറത്തേക്ക് ഇടണമെന്ന് പറഞ്ഞ അലക്സാണ്ടർ ചക്രവർത്തിയുടെ വാക്കുകൾ പ്രസിദ്ധമാണല്ലോ.

ഈ ഭൂമിയിലെ വാസത്തിനുശേഷം മടങ്ങുമ്പോൾ നമ്മുടെ കൈകൾ ശൂന്യമായിരിക്കുമെങ്കിലും ജീവിതകാലത്തു നാം ചെയ്ത സത്കൃത്യങ്ങൾ നമുക്ക് അകമ്പടി സേവിക്കും. വരാനിരിക്കുന്ന ജീവിതത്തിൽ നമ്മുടെ സമ്പത്ത് അതായിരിക്കും. “നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും” (മത്താ 6,21) എന്ന തിരുവചനത്തിന്റെ പൊരുൾ മനസ്സിലാക്കി സ്വർഗഭാവിക്കായി നമുക്ക് യത്നിക്കാം. ഇവിടുത്തെ പുണ്യജീവിതം സ്വർഗീയജീവിതത്തിലേക്കുള്ള മാർഗ്ഗമാകട്ടെ.

ചീഫ് എഡിറ്റർ




# ഉത്ഥിതനിൽ വിശ്വസിക്കുന്ന ജീവിതം

**റവ. മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**ഈ**ശോയുടെ വേർപാടിന്റെ ദുഃഖം തളംകെട്ടി നിന്ന ഒരന്തരീക്ഷമായിരുന്നു സെനക്കിളിൽ ഉണ്ടായിരുന്നത്. ഈശോ തന്റെ ശിഷ്യന്മാരോടൊന്നിച്ച് ചിലവഴിച്ച മണിക്കൂറുകൾ... തന്റെ വേർപാടിൽ അസ്വസ്ഥരായ ശിഷ്യന്മാരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ നടത്തിയ നീണ്ട പ്രഭാഷണം (യോഹ 14-16); അവസാനം തന്റെ ശിഷ്യന്മാരെ പിതാവിന്റെ കരങ്ങളിൽ ഏല്പിച്ചുകൊണ്ടും അവർക്കു സംരക്ഷണവും വിശുദ്ധീകരണവും ദൈവൈക്യവും അർത്ഥിച്ചുകൊണ്ടുമുള്ള ദീർഘമായ പ്രാർത്ഥന (യോഹ 17); പിന്നീട് ഈശോയുടെ പീഡാനുഭവവും മരണവും അരങ്ങേറിയ പീഡാനുഭവവിവരണം (യോഹ 18-19). ഇതെല്ലാം കഴിഞ്ഞ് സന്തോഷത്തിന്റെയും പ്രത്യാശയുടെയും പുലരിയുദിക്കുന്ന രംഗമാണ് സെനക്കിളിൽ നാം കാണുന്നത്. ലോകത്തിന്റെ പ്രകാശമായി വന്ന ഈശോമിശിഹാ, പീഡാനുഭവത്തിന്റെയും മരണത്തിന്റെയും മൃതസംസ്കാരത്തിന്റെയും അന്ധകാരത്തെ അതിജീവിച്ച് നിത്യമായ പ്രകാശം പ്രസരിപ്പിക്കുന്നവനായി, ഉയിർത്തെഴുന്നേറ്റതിനു സാക്ഷ്യം വഹിക്കുന്ന വേദിയായും സെനക്കിൾ രൂപാന്തരപ്പെട്ടു.

### ആദിമസഭ: ഉത്ഥിതനിൽ വിശ്വസിക്കുന്ന സമൂഹം

ആദിമസഭ മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസം പ്രകടമാക്കിയിരുന്നത് രണ്ടു വിധത്തിലാണ്: വിശ്വാസപ്രഖ്യാപനങ്ങളിലൂടെയും വിവരണങ്ങളിലൂടെയും. വിശ്വാസപ്രഖ്യാപനത്തിന് ഉദാഹരണമായി പൗലോസ്ശ്ലീഹാ പറയുന്ന വാക്കുകൾ കാണാം: "എനിക്കു ലഭിച്ചത്




സർവ്വപ്രധാനമായി കരുതിക്കൊണ്ട് ഞാൻ നിങ്ങൾക്ക് ഏല്പിച്ചുതന്നു. വിശുദ്ധലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാം നാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീടു പന്ത്രണ്ടു പേർക്കും പ്രത്യക്ഷനായി" (1 കൊറി 15,4-5). ഉത്ഥാനവിവരണങ്ങൾ രണ്ടു വിധത്തിലാണ് രൂപപ്പെട്ടത്: 1. ശൂന്യമായ കബറിട വിവരണങ്ങൾ (യോഹ 20,1-10); 2. പ്രത്യക്ഷീകരണ വിവരണങ്ങൾ (യോഹ 20,19-23). ഇപ്രകാരം സഭയുടെ വിശ്വാസത്തിൽനിന്നും രൂപംകൊണ്ട വിവരണങ്ങളാണ് സുവിശേഷങ്ങളിൽ നാം കാണുന്നത്.

### ശൂന്യമായ കബറിടവും ഉത്ഥിതനിലുള്ള വിശ്വാസവും

ശൂന്യമായ കബറിടം മിശിഹായുടെ ഉത്ഥാനത്തിന്റെ അടയാളമാണ്. കാരണം, മരണമില്ലാതെ ഉത്ഥാനമില്ല. മരണം സ്ഥിരീകരിക്കപ്പെടുന്നത് മൃതസംസ്കാരത്തിലൂടെയാണ്. മരണം സ്ഥിരീകരിക്കപ്പെട്ടെങ്കിലേ ഉത്ഥാനം സ്ഥിരീകരിക്കപ്പെടുകയുള്ളൂ. മഗ്ദലേന മറിയം അതിരാവിലെ ഈശോയുടെ ശവകുടീരത്തിന്റെ അടുത്തുചെന്നപ്പോൾ, അതിന്റെ കല്ല് മാറ്റപ്പെട്ടിരിക്കുന്നതായി കണ്ടു (യോഹ 20,1). മാത്രമല്ല, "അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ അവർ അവനെ സംസ്കരിച്ച സ്ഥലം" എന്ന ദൂതവചസ്സും ഉണ്ടായി എന്ന് മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു (മർക്കോ 16,6). "അവർ അകത്തുകടന്നു നോക്കിയപ്പോൾ കർത്താവായ ഈശോയുടെ ശരീരം കണ്ടില്ല" എന്നു ലൂക്കാ സുവിശേഷകനും പറയുന്നു (ലൂക്കാ 24,3).

### ശ്ലൈഹിക ആധികാരികതയുള്ള വിശ്വാസം

ക്രൈസ്തവവിശ്വാസം ശ്ലൈഹിക ആധികാരികതയുള്ള വിശ്വാസമാണ്. ശ്ലീഹന്മാരാണ് മിശിഹായുടെ ഉത്ഥാനത്തിന്റെ ആധികാരികസാക്ഷികൾ. മറിയം ശൂന്യമായ കല്ലറ കണ്ടയുടനെ ഓടിപ്പോയി പത്രോസ്ശ്ലീഹായെയും മറ്റു ശ്ലീഹന്മാരെയും അറിയിക്കുന്നു (യോഹ 20,2). മിശിഹായുടെ ശരീരം കാണുന്നില്ല എന്നു കേട്ടതോടെ പത്രോസും ഈശോ സ്നേഹിച്ച ശിഷ്യനും കല്ലറയുടെ അടുത്തേക്ക് ഓടിയെത്തുന്നു (യോഹ 20,3-4). യോഹന്നാൻ ശ്ലീഹാ നേരത്തെ ഓടിയെത്തിയെങ്കിലും കല്ലറയിൽ പ്രവേശിക്കാൻ പത്രോസ്ശ്ലീഹായെ കാത്തുനിന്നു. ആദ്യം പത്രോസും, പിന്നീട് മറ്റേ ശിഷ്യനും കല്ലറയിൽ പ്രവേശിച്ച് ശൂന്യമായ കല്ലറയും, അവിടെക്കിടന്ന കച്ചയും തൂവാലയും കണ്ടു വിശ്വസിച്ചതായിട്ടാണ് പറയുന്നത് (യോഹ 20,6-8). പത്രോസിന്റെ നേതൃത്വത്തിലുള്ള ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പണിയപ്പെട്ടിരിക്കുന്ന സമൂഹമാണ് സഭ. അതുകൊണ്ട് ഈ ശ്ലൈഹിക ആധികാരികതയാണ് ഉത്ഥിതനിലുള്ള നമ്മുടെ വിശ്വാസത്തിനുള്ളത്.

**അടയാളങ്ങളിലൂടെയുള്ള വിശ്വാസം**

ശൂന്യമായ കല്ലറയിൽ പ്രവേശിച്ച പത്രോസും യോഹന്നാനും രണ്ടു കാര്യങ്ങൾ കണ്ടതായിട്ടാണ് പറയുന്നത് - കച്ചയും തൂവാലയും. ഇവ ഈശോ ഉത്ഥിതനായി എന്നതിന്റെ അടയാളങ്ങളാണ്. ഉത്ഥിതനായ ഈശോയുടെ ശരീരം ആത്മീയശരീരമാണ് (1 കൊറി 15,44). അപ്രകാരമുള്ള ശരീരത്തിന് ഇനി കച്ചപോലുള്ള വസ്ത്രം ആവശ്യമില്ല. അതുകൊണ്ട് 'കച്ച' ഉത്ഥാനത്തിന്റെ അടയാളമാണ്. 'തൂവാല' തനിച്ച് ഒരിടത്ത് ചുരുട്ടിവച്ചിരിക്കുന്നത്, പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഗ്രീക്കുമൂലത്തിൽ 'സൂദാരിയോൻ' എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിൽ മോശ കർത്താവിനോടു സംസാരിച്ചതിനുശേഷം ഇറങ്ങിവന്ന് ഇസ്രായേലിനോട് കാര്യങ്ങൾ പറഞ്ഞ സന്ദർഭത്തിൽ, തന്റെ മുഖം ദിവ്യപ്രഭയാൽ പ്രകാശമാനമായതുകൊണ്ട് ഒരു മൂടുപടം ധരിച്ചു എന്ന് പുറപ്പാടു പുസ്തകത്തിൽ പറയുന്നുണ്ട്. അവിടെ മൂടുപടത്തിന് ഈ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (പുറ 34,33-35). അതുകൊണ്ട് ഈ തൂവാല ഉത്ഥിതനായ മിശിഹായുടെ മഹത്ത്വീകരണത്തിന്റെ ഒരടയാളമായിട്ടാണ് കാണേണ്ടത്.

ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്ന സമൂഹമെന്ന നിലയിൽ, അടയാളങ്ങളിലൂടെ ഉത്ഥിതനായ മിശിഹായെ കാണുവാനും ആ മിശിഹായോടൊത്തു ജീവിക്കുവാനും നാം പരിശ്രമിക്കണം. ഇന്നു സഭയിൽ സന്നിഹിതനായിരിക്കുന്ന മിശിഹായെ അടയാളങ്ങളിലൂടെ തിരിച്ചറിയുവാൻ സാധിക്കുന്ന ഏറ്റം പ്രധാനപ്പെട്ട വേദി സഭയുടെ ആരാധനക്രമമാണ്. ആരാധനക്രമം അടയാളങ്ങളുടെ സമുച്ചയമാണല്ലോ. പരിശുദ്ധ കുർബാന, കൂദാശകൾ, യാമപ്രാർത്ഥനകൾ എന്നിവയിലെ പ്രാർത്ഥനകളും കർമ്മങ്ങളുമെല്ലാം അടയാളങ്ങളായി കണ്ടുകൊണ്ട്, ആരാധനക്രമശുശ്രൂഷകളിൽ സജീവമായി പങ്കുകൊണ്ട് ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസജീവിതം നയിക്കുവാൻ എല്ലാ ക്രൈസ്തവരും പരിശ്രമിക്കണം.


സെപ്റ്റംബർ 21 ന്
നാമഹേതുകദിനവും
സെപ്റ്റംബർ 25 ന്
ജന്മദിനവും ആഘോഷിക്കുന്ന
ഞങ്ങളുടെ പ്രിയ ബഹു.
മല്പാൻ മാത്യു വെള്ളാനിക്കലച്ചന്
ഹൃദയം നിറഞ്ഞ ആശംസകളും
പ്രാർത്ഥനകളും നേരുന്നു.
സ്നേഹപൂർവം
അപ്പസ്തോലിക് സൊദാലെസ്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്
സോഷ്യൽ ആനിമേറ്റേഴ്സ്






# മറവിൽ നിന്നൊരു 'കുർബാന'

**സ്റ്റെഫി മംഗലത്തുകുന്നേൽ**

**പ**രിശുദ്ധ കുർബാനയിൽ എല്ലാവർക്കും പങ്കെടുക്കാൻ സാധിക്കാത്ത ലോക്ഡൗൺ കാലത്ത് അതിനു സാധ്യത ലഭിച്ചപ്പോൾ ഇടവക ദൈവാലയത്തിൽ ചെന്നതാണ്. വിശാല മായ ദൈവാലയം വിശ്വാസികളില്ലാതെ കാണുന്നത് വലിയ നൊമ്പരമായിരുന്നു. പള്ളി വൃത്തി യാക്കാൻ വന്നിരുന്ന ചേച്ചി ഇടയ്ക്കിടെ വന്ന് ദൈവാലയം വൃത്തിയാക്കിയിട്ടിരുന്നു. അന്നത്തെ കുർബാനയ്ക്കു മുമ്പും ചേച്ചി ദൈവാലയത്തിൽ ഉണ്ടായിരുന്നു. പതിവുപോലെ വൈദികനും ശുശ്രൂഷിയും രണ്ടു ഗായകരും മാത്രം... അടയ്ക്കപ്പെട്ട ദൈവാലയത്തിനുള്ളിൽ നിന്ന് കുർബാന! അത് ഓൺലൈനിൽ കണ്ടുമാത്രം തൃപ്തിയടയേണ്ടി വരുന്ന ഇടവകക്കാരെയെല്ലാം ഓർത്ത് ആഴ്ചയിൽ ഒന്നെങ്കിലും ഇതുപോലൊരു ബലിയർപ്പണത്തിൽ പങ്കുചേരാൻ സാധിക്കുന്നത് വലിയ ഭാഗ്യമായി കരുതി. പരിശുദ്ധ കുർബാനയിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്ന അനേക രുടെ നൊമ്പരങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ച് തിരികെ ഇറങ്ങുമ്പോൾ ആ ചേച്ചി ഓടി

വരുന്നു. വലിയ സന്തോഷവും ഒരല്പം പരിഭ്രമവും ആ കണ്ണുകളിൽ ദൃശ്യമായിരുന്നു. പള്ളി വൃത്തിയാക്കിയശേഷം പുറത്തേക്ക് ഇറങ്ങാൻ ഒരുങ്ങുമ്പോഴാണ് കുർബാന തുടങ്ങാറായി എന്ന് ചേച്ചിക്ക് മനസ്സിലാവുന്നത്. അത് ഭക്ഷണം കഴിക്കാൻ അനുവദിച്ചിരുന്ന സമയമായിരുന്നു. രണ്ടാമതൊന്ന് ആലോചിച്ചില്ല. ദൈവാലയത്തിന്റെ വലിയ തൂണുകളൊന്നിനു പിന്നിൽ മറഞ്ഞുനിന്ന് കുർബാനയിൽ പങ്കുകൊണ്ടു. അനുവദിച്ചതിലും അധികം ആളുകൾ പങ്കുചേരരുത് എന്നതിനാലാണ് മറഞ്ഞിരുന്ന് കുർബാനയിൽ പങ്കുകൊണ്ടത്. ജോലി ചെയ്യാനുള്ള സമയമായിരുന്നു എന്ന് മനസ്സിലുണ്ടായിരുന്നതിനാലാകണം കൂപ്പിയ കരങ്ങളോടെ അവർ പറഞ്ഞു: "ഭക്ഷണം കഴിക്കാൻ തന്ന സമയം മാത്രമേ ഞാൻ കുർബാന കൂടാൻ എടുത്തുള്ളു". ചങ്കിലൂടെ തുളഞ്ഞുകയറിപ്പോയി ആ വാക്കുകൾ.

'നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവിതത്തിന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുന്ന' (യോഹ 6,27) ഇവരെപ്പോലുള്ളവരിൽ നിന്ന് മറഞ്ഞിരിക്കാൻ ദൈവത്തിനു സാധിക്കുകയില്ല. അനുവദനീയമായതിലുമധികം ആളുകൾ പങ്കെടുത്ത് നിയമം ലംഘിക്കാതിരിക്കാൻ ദൈവാലയം അടച്ചിട്ടായിരുന്നു ദിവ്യബലി അർപ്പണം. ഒരിക്കൽ തുറന്നിട്ടിരിക്കുന്ന ജനൽ പാളിയിലൂടെ ഉള്ളിലേക്ക് നോക്കി കുർബാനയിൽ പങ്കെടുത്ത ഒരു വ്യക്തിയുടെ മുഖവും മനസ്സിൽ നിന്ന് മാഞ്ഞിട്ടില്ല. നാളുകളോളം കുമ്പസാരിക്കാൻ സാധിക്കാത്ത അവസ്ഥ വന്നപ്പോൾ പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകലാതിരിക്കാൻ ബോധപൂർവ്വം പരിശ്രമിച്ചവരുടെ അനുഭവങ്ങളും നിരവധിയാണ്.

ഹിറ്റ്ലറുടെ നാസി തടങ്കൽ പാളയത്തിൽ കഠിനയാതനകൾ അനുഭവിച്ച ഫാ. ജീൻ ബർണാർഡ് വിവരിക്കുന്നു: അദ്ദേഹത്തിന് ജയിലിൽ വി. കുർബാന അർപ്പിക്കാൻ അനുവാദം ലഭിച്ചു. ഒരു ദിവസം അയൽക്കാരൻ ഭിത്തിയിൽ മുട്ടുന്നു. "അങ്ങ് കുർബാന ചൊല്ലുന്നുണ്ടോ? ഞാൻ ജനങ്ങളുടെ ഭാഗം ചൊല്ലാം. അല്പംകൂടി സ്വരമുയർത്തി പ്രാർത്ഥനയായി ചൊല്ലാമോ? കൂദാശവചനത്തിനു മുൻപ് മൂന്ന് തവണ മുട്ടുകയും വേണം"!

പരിശുദ്ധ കുർബാനയാൽ സ്വാധീനിക്കപ്പെട്ട വ്യക്തികളെല്ലാം മാനസാന്തരം വന്നവരാണ്. എന്റെ ജീവിതത്തിൽ ഇന്നും വലിയ മാറ്റം സംഭവിച്ചിട്ടില്ലെങ്കിൽ ഓർക്കാം, എന്റെ ബലിയർപ്പണങ്ങൾ എത്ര ആത്മാർത്ഥതയോടെയും ആഗ്രഹത്തോടെയും ആയിരുന്നു...

പരിശുദ്ധ കുർബാനയോടുചേർന്നു നിന്നവരാരും ജീവിതത്തിന്റെ സഹനങ്ങളെ ഓർത്ത് പരിതപിച്ചില്ല. ആ സഹനങ്ങളെ അവർ ഈശോയുടെ ബലിയോടു ചേർത്തുവച്ചു. 'എന്നും പള്ളിയിൽ പോകുന്ന അവരൊക്കെ അങ്ങനെയല്ലേ... പിന്നെ എനിക്കു മാത്രമെന്തിനാ ഈ തീക്ഷ്ണത' എന്നാണെങ്കിൽ മറക്കേണ്ട, 'അവരെപ്പോലെ ഞാനും' എന്ന് തർക്കിച്ച് ജയിക്കാനാവുന്നത് മനുഷ്യരുടെ മുമ്പിൽ മാത്രം.

അവരൊക്കെ പാപം ചെയ്യുമ്പോൾ, പ്രാർത്ഥനയിൽ അലസത കാണിക്കുമ്പോൾ, 'അതല്ല ഇങ്ങനെയാണ് യഥാർത്ഥത്തിൽ ദൈവം ആഗ്രഹിക്കുന്നത് എന്ന് നിന്റെ സന്മാതൃകവഴി നീ കാണിച്ചുകൊടുക്കും എന്നു ഞാൻ പ്രതീക്ഷിച്ചു...' ദൈവം എന്നോട് ഇങ്ങനെ പറയേണ്ടിവരുമോ?

മറ്റുള്ളവരുടെ കുറവുകളിലേക്കു നോക്കാതെ എന്തെങ്കിലും നന്മയുണ്ടെങ്കിൽ സ്വീകരിക്കുക. അല്ലാത്തത് ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുക. അപ്പോൾ ബലിയുടെ നവ്യത നമ്മുടെ ജീവിതത്തിലും അനുഭവവേദ്യമാകും. ദൈവത്തിന്റെ കൃപ നമ്മിലൂടെ അനേകർ അനുഭവിക്കാനിടയാകും.



ക്രിസ്തു ജീവിക്കുന്നു-7

# നിങ്ങളാണ് ദൈവത്തിന്റെ "ഇപ്പോൾ"

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**സി**നഡനന്തര അപ്പസ്തോലിക ഉദ്ബോധനത്തിന്റെ മൂന്നാമത്തെ അദ്ധ്യായത്തിൽ ഈ ലോകത്തിന്റെ 'വർത്തമാന കാല'മാണ് യുവജനങ്ങൾ എന്ന് ഫ്രാൻസിസ് മാർപാപ്പ പ്രത്യേകം ഊന്നിപ്പറയുകയാണ്. പൊതുവേ യുവജനങ്ങളെക്കുറിച്ച് പറയുന്നത് അവർ 'ലോകത്തിന്റെ ഭാവി' ആണ് എന്നാണ്. എന്നാൽ ഫ്രാൻസിസ് പാപ്പായുടെ കാഴ്ച്ചപ്പാടിൽ യുവജനം ദൈവത്തിന്റെ 'ഇപ്പോൾ' (the now of God) ആണ്. ലോകത്തിന്റെ ഇന്നിനെ ധന്യമാക്കുവാൻ മുതിർന്നവരോടും, കുടുംബത്തോടും, സമൂഹത്തോടും, സഭയോടും ചേർന്നുനിന്ന് അതിന്റെ വളർച്ചയ്ക്കായി ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന ഒരു വർത്തമാന കാലത്തിലാണ് യുവജനങ്ങൾ.

യുവജനങ്ങൾ എവിടെയാണ്? അവരുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? അവരുടെ ജീവിതങ്ങളിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഫ്രാൻസിസ് പാപ്പായുടെ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് തുടർന്നുള്ള ഭാഗങ്ങളിൽ പാപ്പ വ്യക്തമാക്കുന്നത്.

**ഭാവാത്മക വാക്കുകളിൽ:** തിരുസഭയിലെ അംഗങ്ങൾ യുവജനങ്ങളെ വേണ്ടവിധം ശ്രദ്ധിക്കുന്നില്ല; ശ്രവിക്കുന്നില്ല; അവർ ഉന്നയിക്കുന്ന പ്രശ്നങ്ങളെയോ വെല്ലുവിളികളെയോ വേണ്ടവിധം നേരിടുന്നില്ല. സഭ തന്റെ ഇടുങ്ങിയ ചിന്താഗതികളെ, മുൻവിധികളെ മാറ്റിവച്ച് യുവജനങ്ങളെ ശ്രവിക്കുമ്പോഴാണ് അവരുടെ പുത്തൻ ചൈതന്യ അവബോധത്തെ വിലമതിക്കാൻ സാധിക്കുന്നതും അവരെ പരിഗണിക്കാൻ ഇടയാകുന്നതും അതുവഴി അവർ സമൂഹത്തിന് നന്മയായി മാറുന്നതും.

യുവജനങ്ങളുടെ വീഴ്ചകളുടെയും പരാജയങ്ങളുടെയും മാത്രം പട്ടിക തയ്യാറാക്കാൻ എപ്പോഴും മുതിർന്നവർ വെമ്പൽകൊള്ളുമ്പോൾ അത് കൂടുതൽ അകൽച്ചയ്ക്കും കുറഞ്ഞ അടുപ്പത്തിനും കുറഞ്ഞ പരസഹായത്തിനും കാരണമാകുമെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു.

യുവജനങ്ങൾ എരിഞ്ഞുകൊണ്ടിരിക്കുന്ന ചെറുനാളങ്ങളാണ്. ചലിച്ചുകൊണ്ടിരിക്കുന്ന എന്നാൽ ഒടിഞ്ഞുപോകാത്ത ഞാങ്ങണച്ചില്ലയാണവർ. അവരെ വിലമതിക്കണം. അവരുടെ

സാധ്യതകളെ തിരിച്ചറിയണം. "യുവജനങ്ങളുടെ ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ടിരിക്കുന്ന നന്മ യുടെ വിത്തുകളെ പോഷിപ്പിക്കാനും സംരക്ഷിക്കുവാനും സാധിക്കണം". ദൈവികജീവന്റെ ബീജങ്ങൾ സംവഹിക്കുന്ന 'പരിശുദ്ധ സ്ഥലമാണ്' ഓരോ യുവാവിന്റെയും ഹൃദയം. ഇത് മനസ്സിലാക്കി വേണം അവരോട് ഇടപെടുവാൻ.

യുവജനങ്ങളും അവരുടെ അനുഭവങ്ങളും: വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഒരു ലോക ത്തിലാണു യുവജനത അതിവേഗം സഞ്ചരിക്കുന്നത്. യുവതലമുറയുടെ ജീവിതം പലതരത്തി ലുള്ള സഹനങ്ങൾക്കും കൃത്രിമത്വങ്ങൾക്കും വിധേയമാണ്. അവരുടെ ജീവിത യാഥാർത്ഥ്യത്തെ, അവസ്ഥയെ ഇപ്രകാരം കാണാം:

**സംഘർഷാത്മക ലോകത്തിലെ ജീവിതം:** ഇന്ന് യുവജനങ്ങൾ ജീവിക്കുന്നത് വ്യത്യ സ്തങ്ങളായ യുദ്ധമുഖങ്ങളിലാണ്. തട്ടിക്കൊണ്ടുപോകൽ, അപഹരണം, സംഘടിത കുറ്റകൃ ത്യങ്ങൾ, മനുഷ്യക്കടത്ത്, അടിമത്തം, ലൈംഗികചൂഷണം, യുദ്ധകാല ബലാത്സംഗം തുടങ്ങി യവ. ചില യുവജനങ്ങൾ തങ്ങളുടെ വിശ്വാസത്തെപ്രതി സമൂഹത്തിൽ തരംതിരിവുകൾ നേരി ടുകയും പലതരത്തിലുള്ള കഷ്ടപ്പാടുകൾ അനുഭവിക്കുകയും ചെയ്യുന്നു. മറ്റുചിലർ നിർബന്ധ ത്താലോ, സാഹചര്യ സമ്മർദ്ദങ്ങളാലോ, ക്രൂരകൃത്യങ്ങളിൽ ഏർപ്പെടുന്നു. മയക്കുമരുന്ന്, ഭീക രപ്രവർത്തനം ഇവയെല്ലാം യുവജനങ്ങളെ ദുശ്ശീലങ്ങൾക്ക് അടിമപ്പെടുത്തുകയും ക്രൂരരാക്കു കയും ചെയ്യുന്നു.

ചില യുവാക്കൾ അബദ്ധസിദ്ധാന്തങ്ങളിൽ വിശ്വസിക്കുകയും മറ്റുള്ളവരെ നശിപ്പിക്കാ നോ ഭീഷണിപ്പെടുത്താനോ ഉള്ള ഭീകരസംഘത്തിന്റെ ഭാഗമാകുകയും ചെയ്യുന്നു. സ്വാർത്ഥമ തികളും, ശത്രുതാമനോഭാവം പുലർത്തുന്നവരും, മറ്റുള്ളവരെ പരിഗണിക്കാത്തവരും വിശ്വസി ക്കാത്തവരുമായിത്തീരുന്നു ഇക്കൂട്ടർ. സാമൂഹിക തിരസ്കരണവും സാമ്പത്തിക പാർശ്വവൽക്ക രണവും മതപരമായും വംശീയമായും നേരിടുന്ന യുവജനങ്ങൾ ഉണ്ട്. എച്ച്. ഐ. വി. യുടെ ബാധ, ഗർഭച്ഛിദ്രം, അശ്ലീലസാഹിത്യം, ചൂതാട്ടം തുടങ്ങിയവയും യുവജനത്തെ കാർന്നുതി ന്നുന്ന മഹാവിപത്താണ്. ചില സ്ഥലങ്ങളിൽ സ്ത്രീകളുടെ സാഹചര്യങ്ങൾ ദുഃഖപൂർണവും വളരെ പ്രയാസമേറിയതുമാണ്. യുവജനങ്ങൾ അനുഭവിക്കുന്ന മുറിവ് ഹൃദയഭേദകംതന്നെയാണ്.

ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ യുവജനത്തിന്റെ ദുരവസ്ഥയെ ഓർത്തു നാം വില പിക്കണം. കണ്ണീർ ചിന്താൻ കഴിയാത്ത ഒരാൾക്ക് അമ്മയാകാനാവില്ല. യുവജനത്തോടു കരുത ലുള്ള ഒരു അമ്മയായിരിക്കണം സഭ. കരയുക എന്നത് കാരുണ്യത്തിന്റെയും അനുകമ്പയു ടെയും അടയാളവും പ്രകടനവുമാണ്. കണ്ണുനീർ ഒഴുകുന്നില്ലെങ്കിൽ, മറ്റുള്ളവരുടെ വേദനക ളിലും കഷ്ടപ്പാടുകളിലും കരയാനുള്ള വരം തരാൻ കർത്താവിനോടു പ്രാർത്ഥിക്കുക. നിങ്ങൾക്കു കരയാനാകുമ്പോഴേ, മറ്റുള്ളവരെ ഹൃദയപൂർവ്വം സഹായിക്കാൻ സാധിക്കൂ.





# സങ്കടങ്ങളാണ് നല്ലത്

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

കഴിഞ്ഞ നാളുകളിൽ ഒരമ്മയെ പരിചയപ്പെട്ടു. അംഗവൈകല്യമുള്ള രണ്ടു മക്കളുൾപ്പെട്ട 5 മക്കളുടെ മാതാവ്. 79 വയസ്സുള്ള അവൾ തന്റെ കഥ പറഞ്ഞു... മക്കളെ തന്നെ ഏല്പിച്ച് ഭർത്താവ് ഒരപകടത്തിൽ മരിച്ചപ്പോൾ വയസ്സ് 30. പിന്നീടിങ്ങോട്ട് സങ്കടങ്ങളുടെ ഒരു പെരുമഴക്കാലം. ഭർത്തൃവീട്ടിൽനിന്നും കിട്ടിയ സഹായം 10 സെന്റ് ഭൂമി മാത്രം. അതിനും അവകാശികൾ ഏറെവരുന്നുണ്ടായിരുന്നു. സുഖമില്ലാത്ത മക്കളെയും ചേർത്തുപിടിച്ച് പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുകൂടിയ സമയം. എങ്ങനെയൊക്കെയോ മൂന്നുപേരുടെ വിവാഹം കഴിഞ്ഞു. ഇനി ഇവരുടെ കാര്യമോർക്കുമ്പോഴാ...." അവരുടെ കണ്ണിൽകൂടി ഒഴുകിയിറങ്ങിയ കണ്ണീരിന് രക്തത്തിന്റെ നിറമാണെന്ന് തോന്നി.

കുറച്ച് സമയത്തെ മൗനത്തിനുശേഷം എന്റെ മുഖത്തേക്ക് നോക്കി ആ അമ്മ പറഞ്ഞു: "എങ്കിലും... സങ്കടങ്ങളാ മോളേ നല്ലത്. നല്ല തമ്പുരാൻ തകർന്നുപോകാൻ എന്നെ അനുവദിച്ചില്ല." അത്ഭുതത്തോടെ ഞാൻ അവരെ നോക്കി. കൺകോണുകളിൽ അടർന്നുവീഴാൻ വെമ്പിനിന്ന കണ്ണീർക്കണങ്ങളിൽ പ്രത്യാശയുടെ പൊൻകിരണങ്ങൾ ഞാൻ കണ്ടു.

എന്തൊരു മനോധൈര്യമാണ് ആ അമ്മയ്ക്ക്. സങ്കടങ്ങളെ അതിജീവിച്ചുകഴിയുമ്പോൾ ഹൃദയത്തിന്റെ അടിത്തട്ടിലേക്ക് ദൈവം നിക്ഷേപിക്കുന്ന ഒരാശ്വാസമുണ്ട്. അതാണ് ഈ ലോകത്തിലെ ഏറ്റവും വലിയ ആനന്ദം. ഇതായിരിക്കാം അവരെക്കൊണ്ട് ഇങ്ങനെ പറയിച്ചതും. സങ്കടങ്ങൾ നമ്മെ പക്വതയുള്ളവരാക്കും. സങ്കടങ്ങളിൽ പ്രാർത്ഥന ഹൃദയസ്പർശിയാകും. സങ്കടങ്ങളുടെ മധുരിമ ആസ്വദിച്ച കേരളത്തിന്റെ സഹനപുത്രി വി. അൽഫോൻസാ ഇപ്രകാരം പ്രാർത്ഥിച്ചു: "നാഥാ, എന്തേ നീ ഇന്നെനിക്ക് സഹനങ്ങൾ ഒരുക്കിയില്ല?". ലോകത്തിന്റെ മുമ്പിൽ


"എന്റെ കാൽ വഴുതുന്നു എന്നു ഞാൻ വിചാരിച്ചപ്പോഴേക്കും കർത്താവേ അങ്ങയുടെ കാരുണ്യം എന്നെ താങ്ങി നിർത്തി. എന്റെ ഹൃദയത്തിന്റെ ആകുലതകൾ വർദ്ധിക്കുമ്പോൾ അങ്ങു നല്കുന്ന ആശ്വാസം എന്നെ ഉന്മേഷഭരിതനാക്കുന്നു" (സങ്കീ 94, 18-19).

ഇതു വെറും വിഡ്ഢിത്തമാണ്. അതിന്റെ സന്തോഷം ഒരുവനെ വാചാലനാക്കും. എന്നാൽ ഏകാന്തതയുടെ തടവറയിലേക്കുള്ള യാത്രയിലാണ് അവനെന്ന് ഒരിക്കലും തിരിച്ചറിയാറില്ല.

എന്നാൽ ഒരുവന്റെ ഹൃദയം നിശബ്ദമാകുന്നത്, സങ്കടങ്ങളുടെ കടലിൽ അവൻ മുങ്ങിത്താഴാൻ തുടങ്ങുമ്പോഴാണ്. ഈ നിശബ്ദത അവനെ ദൈവവുമായുള്ള സൗഹൃദത്തിലേയ്ക്കാണ് നയിക്കുക. സങ്കടങ്ങളാൽ ശോധന ചെയ്യപ്പെട്ടവർ ആഴമേറിയ പുഴപോലെ നിശ്ബദരായിരിക്കും. സഹനത്തിന്റെ തീക്കനലിലൂടെ നടന്ന ജോബ് പറയുന്നു: "ദൈവമേ, ഞാൻ നിസ്സാരനാണ്, ഞാനെന്തുത്തരം പറയാനാണ്? ഒരിക്കൽ ഞാൻ സംസാരിച്ചു. ഇനി ഞാൻ ഉത്തരം പറയുകയില്ല" (ജോബ് 40,4-5). സങ്കടവഴികളിലെ അത്ഭുതങ്ങൾ ജീവിതംകൊണ്ട് തൊട്ടറിഞ്ഞ ജോബ് ദൈവതിരുമുമ്പിൽ വാചാലനാകുന്നു. "അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ഞാൻ അങ്ങയെ കാണുന്നു" (ജോബ് 42,5). ക്രിസ്താനുകരണ കർത്താവ് ഇപ്രകാരം പ്രാർത്ഥിക്കുന്നു: "നിത്യമഹത്ത്വത്തിന്റെ പ്രകാശമായ ഈശോ, തീർത്ഥാടക ആത്മാവിന്റെ ആശ്വാസമേ, അങ്ങയുടെ മുമ്പാകെ എന്റെ അധരങ്ങൾ മൂകമാണ്. എന്റെ മൗനം അങ്ങയോട് സംസാരിക്കുന്നു".

നിശബ്ദമാകുന്ന ഹൃദയത്തിലേക്ക്, ഏലിയാ കുളിർക്കാറ്റിൽ കേട്ട മൃദുലസ്വരംപോലെ, ആത്മാവിൽ കുളിരായി ദൈവസ്വരം പെയ്തിറങ്ങും. സൂര്യപ്രകാശത്തിൽ മൂടൽമഞ്ഞെന്നപോലെ ദൈവദർശനത്തിൽ സങ്കടപ്പെടുന്നവന്റെ കദനം മാഞ്ഞുപോകുന്നു.... സങ്കടങ്ങളെ സമ്പന്നമാക്കാം നമുക്ക്... അവ നമ്മുടെ ജീവിതത്തിന്റെ മാറ്ററച്ചു നോക്കുന്ന ഉരകല്ലാണ്. ജീവിതത്തെ പവിത്രമാക്കുന്ന പുണ്യതീർത്ഥമാണ്. "അനർത്ഥങ്ങളുടെ ഫലം മധുരമാണ്" എന്നാണ് ഷേക്സ്പിയർ പറയുക. നിശബ്ദതയിൽ നാമൊഴുക്കുന്ന കണ്ണീരിന് ദൈവകാരുണ്യത്തെ വിളിച്ചുവരുത്താനുള്ള കഴിവുണ്ട്. ഈ കാരുണ്യമാണ് മാനം കറുത്തിരുളുമ്പോഴും പീലി വിരിച്ച് ഊഷ്മളതയോടെ നൃത്തം ചെയ്യാൻ ഒരുവനെ പ്രാപ്തനാക്കുന്നത്.

*ദുഃഖത്തിന്റെ ശൈത്യമറിഞ്ഞവർക്കേ*
*സന്തോഷത്തിന്റെ വസന്തം*
*അനുഭവിക്കാനാവൂ.*





# കല്ലറയ്ക്കപ്പുറം

മോൺ. ജോസഫ് ചിറ്റിലപ്പിള്ളി
പാലക്കാട് രൂപത

ജീവിതദുരിതങ്ങൾ ആഞ്ഞടിച്ചുലച്ചപ്പോൾ
വാവിട്ടുകരഞ്ഞുപോയ്, എൻ ചുറ്റും ആരുമില്ല;
'കർത്താവെൻ ഇടയനാം, മുട്ടുപാടെനിക്കില്ല'
കൊച്ചുനാൾ പഠിച്ചതാം വചനം ശക്തിയായി

നാശനഷ്ടങ്ങളേറെ, ഏകനായ് തീർന്നു ഞാനും
'ദൈവമേ നീയും എന്നെ കൈവിട്ടോ', കരഞ്ഞു ഞാൻ,
അൾത്താരഭിത്തിയിലെ ക്രൂശിതരൂപം കാൺകെ
ആത്മാവിൻ ദിവ്യശക്തി പ്രത്യാശയേകിയെന്നിൽ

സംഭവബഹുലമാം കുരിശിൻ വഴിയല്ലോ
മാമകജീവിതത്തിൻ, നാഴികക്കല്ലാണല്ലോ;
ക്ഷീണിച്ചുതളർന്ന ഞാൻ സത്രങ്ങൾ സ്വപ്നം കണ്ടു,
ഏകാന്ത പഥികനാം, ശ്രദ്ധിച്ചില്ലാരുമെന്നെ

ഉയിർപ്പിൻ കല്ലറ ഞാൻ കുരിശിൻ താഴെ കണ്ടു
'ഉയിർത്തെഴുന്നേറ്റവൻ' പ്രാർത്ഥനാഗാനം കേട്ടു;
'ഉണർന്നു പ്രശോഭിപ്പാൻ' വചന സന്ദേശവും
ഉണർവോ എനിക്കേകി, കല്ലറ താണ്ടീടുവാൻ




# സ്വർഗ്ഗം തുറക്കാം

മെർലിറ്റ് അഞ്ചാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**നാ**മെല്ലാവരും പ്രാർത്ഥിക്കുന്നവരാണ്. എന്നാൽ പ്രാർത്ഥനയുടെ വിഷയം മിക്കപ്പോഴും നാം തന്നെയാണ് എന്നതാണ് ഏറെ ചിന്തനീയമായ ഒരു കാര്യം. തിരക്കേറിയതും ശബ്ദമുഖരിതവുമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ശാന്തമായി അല്പസമയം ഇരിക്കുവാനോ നിശബ്ദതയിൽ ഇത്തിരിനേരം ദൈവത്തെ കേൾക്കുവാനോ മനസ്സില്ലാത്തവരും സമയമില്ലാത്തവരുമാണ് മിക്ക ആളുകളും. നാമെല്ലാം ദൈവത്തെ സമീപിക്കുന്നതുതന്നെ മനസ്സിലെ ആഗ്രഹങ്ങളും പ്രതീക്ഷകളും സങ്കടങ്ങളുമെല്ലാം ഇറക്കിവയ്ക്കാൻ ഒരിടം എന്നു കരുതിയാണ്; അതു ശരിയാണുതാനും. ദൈവം സർവ്വശക്തനാണ്. അവിടുന്ന് അറിയാത്തതായ യാതൊന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല. ഇക്കാര്യങ്ങളെല്ലാം തത്ത്വത്തിൽ നാം മനസ്സിലാക്കുന്നവരാണെങ്കിലും അസ്വസ്ഥമായ മനസ്സുമായാണ് പലപ്പോഴും നാം ദൈവസന്നിധിയിൽ നിൽക്കാറുള്ളത്. തന്റെ കുഞ്ഞിന് വേണ്ടതും വേണ്ടാത്തതുമെന്തെന്ന് വ്യക്തമായ ബോദ്ധ്യമുള്ളവനാണ് ഒരു നല്ല അപ്പൻ. അങ്ങനെയെങ്കിൽ അപ്പനേക്കാളുപരി തന്റെ മക്കളെ സ്നേഹിക്കുന്ന സ്വർഗ്ഗീയ പിതാവ് മറ്റാരെയുംകാൾ നമ്മുടെ ആവശ്യങ്ങൾ നന്നായും വ്യക്തമായും അറിയുന്നവനാണ് എന്നു വിശ്വസിക്കുകയും ആ വിശ്വാസം ജിവിതത്തിന്റെ അടിസ്ഥാന പ്രമാണമായി സ്വീകരിക്കുകയും ചെയ്താൽ നമ്മെ അലട്ടുന്ന ആകുലതകളിൽ നിന്നും വിമോചിതരാകുവാൻ നമുക്കു സാധിക്കും. കാപട്യമെന്തെന്നറിയാത്ത പിഞ്ചുകുഞ്ഞിന്റെ നിഷ്കളങ്കതയും സരളമനസ്കതയും പ്രാർത്ഥനാവസരങ്ങളിൽ നമുക്കുണ്ടായിരിക്കേണ്ട അവശ്യഗുണങ്ങളാണ്. സ്വർഗ്ഗീയപിതാവിന്റെ മടിയിലിരിക്കുന്ന ഈശോമിശിഹായെപ്പോലെ അപ്പന്റെ മടിയിലിരിക്കുന്ന കുഞ്ഞുങ്ങളാകാൻ നമുക്കും കഴിയുമ്പോഴാണ് മറ്റുള്ളവരിൽനിന്നും ലഭിക്കുന്ന സ്നേഹത്തെ അതിശയിക്കുന്ന നിർവൃതിദായകമായ ഒരു വ്യക്തിബന്ധം ദൈവത്തോടുണ്ടാകുന്നത്. അതു പ്രാർത്ഥനയിൽ നിന്നേ ലഭിക്കുകയുള്ളൂ.

ലൗകിക കാര്യങ്ങൾ നാം ആഗ്രഹിക്കുന്നതുപോലെ നടക്കണമെന്നുള്ള നമ്മുടെ മനോഭാവത്തെ സാധൂകരിക്കാനുള്ള ഒരു ഉപാധിയല്ല പ്രാർത്ഥന എന്നു നാം മനസ്സിലാക്കണം. ഞാൻ എത്രമാത്രം പ്രാർത്ഥിച്ചിട്ടും ഒരു ജോലി എനിക്കു ലഭിച്ചില്ല, ബിസിനസ് പൊളിഞ്ഞു, പഠനം ഉഴപ്പിപ്പോയി, ഒരു കിടപ്പാടമില്ല, ചെല്ലുന്നിടത്തെല്ലാം പരാജയം എന്നിങ്ങനെ നീളുന്നു നമ്മുടെ പരാതികൾ. മനുഷ്യനെന്ന നിലയിൽ ഇതെല്ലാം നമുക്ക് ആവശ്യമാണ്. എന്നാൽ കാര്യസാദ്ധ്യത്തിനായി മാത്രം ദൈവത്തെ കൂട്ടുപിടിക്കുന്നവർ തങ്ങൾ ആഗ്രഹിച്ചവ സാധിക്കാതെ വരുമ്പോൾ ദൈവത്തെ തള്ളിപ്പറയുന്നു എന്നതാണ് വാസ്തവം. നാം ആയിരിക്കുന്ന അവസ്ഥയിൽ ദൈവസന്നിധിയിൽ നമ്മെതന്നെ വിട്ടുകൊടുക്കുമ്പോൾ, ശാന്തതയോടെ അവിടുത്തെ

തൃക്കരങ്ങളിൽ നിന്ന് നമുക്കായി അനുവദിക്കുന്നവ സ്വീകരിക്കാൻ തയ്യാറാകുമ്പോൾ അവിടുത്തെ ശക്തിയേറിയ കരങ്ങളുടെ സംരക്ഷണം നമുക്ക് അനുഭവവേദ്യമാകും. നന്മ മാത്രമായ ദൈവം തന്റെ മക്കൾക്ക് നന്മയായതുമാത്രമേ അനുവദിക്കൂ എന്ന വിശ്വാസം നമ്മെ നയിക്കണം. നിഷ്ക്കപടമായ പ്രാർത്ഥന നമ്മിൽ മാറ്റങ്ങൾ വരുത്തും. ദൈവത്തോടും മനുഷ്യരോടും ആരോഗ്യകരമായ ബന്ധങ്ങൾ സംരക്ഷിക്കുവാനും വളർത്തുവാനും അതു നമ്മെ സഹായിക്കും. ജീവിതത്തിലെ പ്രതിസന്ധികളിൽ നഷ്ടധൈര്യരാകാതെ പിടിച്ചു നിൽക്കാൻ, ദൈവത്തോടു ചേർന്ന് ജീവിതാനുഭവങ്ങളെ രക്ഷാകരമാക്കിത്തീർക്കുവാൻ നമുക്കു ശക്തി പകരുന്നത് പ്രാർത്ഥനയാണ്. ആഴിയുടെ അടിത്തട്ടിൽ മുങ്ങിത്താഴുന്ന അനുഭവങ്ങളിലും നമുക്കായി കരവഴി തീർക്കാൻ, ചുട്ടുപൊള്ളുന്ന കനൽ യാത്രകളിൽ സുഖശീതളമായ മേഘപാളികൾ ഒരുക്കുവാൻ ശക്തനാണ് നമ്മുടെ ദൈവം. 'പ്രാർത്ഥന ദൈവത്തിൽ മാറ്റം വരുത്തുന്നില്ല; എന്നാൽ പ്രാർത്ഥിക്കുന്ന വ്യക്തിയിൽ മാറ്റം വരുത്തുന്നു' എന്ന് സോറൻ കീർക്കഗാർഡ് പറയുന്നു. നമ്മുടെ ആഗ്രഹങ്ങൾ പ്രാർത്ഥനകളായി സ്വർഗ്ഗത്തിന്റെ വാതിൽ തുറന്ന് അകത്തു പ്രവേശിക്കുമ്പോൾ നാം ആഗ്രഹിക്കുന്നതു ലഭിക്കണമെന്നില്ല; മറിച്ച് ദൈവം തരാൻ ആഗ്രഹിക്കുന്നത് സ്വീകരിക്കാൻ നമ്മുടെ മനസ്സുകളെ സജ്ജമാക്കാം. പ്രാർത്ഥന നമ്മെ ദൈവഹിതം മാത്രം സ്വീകരിക്കാൻ തക്കവിധം രൂപാന്തരപ്പെടുത്തട്ടെ.

***"പരിശ്രമങ്ങളിൽ മുള്ളുതറയ്ക്കുമ്പോൾ
പ്രഘോഷണത്തിന് ഭയം തോന്നുമ്പോൾ
വിശ്വാസത്തിൽ ഇരുട്ട് അനുഭവപ്പെടുമ്പോൾ
പ്രതീക്ഷയുടെ തുടിപ്പ് അനുഭവിച്ചറിയുന്നതിന്
പ്രാർത്ഥന നമ്മെ സഹായിക്കുന്നു."***

**(ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ)**



# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഏലിയാ-സ്ലീവാ, മൂശെക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മനുഷ്യജീവിതം അന്ത്യാത്മകമാണെന്നും, മിശിഹായുടെ മഹത്ത്വപൂർണമായ രണ്ടാമാഗമനത്തെ കാത്തിരിക്കുന്ന ജീവിതമാണെന്നും, അതു നമ്മുടെ രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണായകമായിരിക്കുമെന്നുമുള്ള ബോദ്ധ്യത്തിൽ ജീവിക്കുവാനും നമ്മെ ആഹ്വാനം ചെയ്യുന്ന ഒരു കാലഘട്ടമാണിത്. കുരിശിലൂടെ മഹത്ത്വത്തിലേക്കു പ്രവേശിച്ച, മാർ സ്ലീവാ, അഥവാ ഉത്ഥിതനായ മിശിഹായാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. ഈ ലോകജീവിതം കുരിശുകളുടെ ജീവിതമാണ്. ആ കുരിശുകളെ ഈശോയെപ്പോലെ ദൈവഹിതപ്രകാരം വഹിച്ചുകൊണ്ട്, ഈശോയോടൊപ്പം സ്വർഗ്ഗീയമഹത്ത്വത്തിലേക്കു യാത്ര ചെയ്യുവാൻ ഈ കാലഘട്ടം നമ്മെ ക്ഷണിക്കുന്നു. അപ്രകാരം മിശിഹായോടൊപ്പം പുരോഹിതജീവിതം നയിച്ചുകൊണ്ടും, അങ്ങനെ ജീവിക്കുവാൻ നമ്മുടെ ദൈവജനത്തെ ബോധവൽക്കരിച്ചുകൊണ്ടും സഭാശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു പരിശ്രമിക്കാം. സ്നേഹാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2020 ഓഗസ്റ്റ് 24-ാം തീയതി അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് ഓൺലൈനായി നടന്നു. അമേരിക്ക, ഇറ്റലി, മാൾട്ടാ, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള കൗൺസിലംഗങ്ങൾ മീറ്റിംഗിൽ സംബന്ധിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ അജപാലനശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെട്ടിരിക്കുന്ന റോമിലെ San Liborio ഇടവക വികാരിയായി ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നുള്ള ഇൻസ്റ്റിറ്റ്യൂട്ട് അംഗമായ ബഹു. ജോസഫ് ആലഞ്ചേരിയച്ചൻ ചാർജെടുത്തു. അദ്ദേഹത്തോടൊപ്പം സഹവികാരിയായി ഇൻസ്റ്റിറ്റ്യൂട്ട് അംഗമായ ബഹു. മാത്യു മുരിയങ്കരിയച്ചനും നിയമിതനായിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാ രൂപതകളെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട ജേക്കബ് വാരിക്കാട്ട്, തോമസ് തെക്കേമുറി, എമ്മാനുവേൽ പെരിയപ്പുറം എന്നീ സെനക്കിൾ വൈദികർ നിയമിതരായിട്ടുണ്ട്.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# കാവലാൾ-23



ജാൻസി ടീച്ചർ
കറുകപ്പറമ്പിൽ

**മൂ**ടിക്കെട്ടിയ ആകാശവും ഇടയ്ക്കിടെ വീശുന്ന തണുത്ത കാറ്റും അന്തരീക്ഷത്തെ അസ്വസ്ഥമാക്കിയിരിക്കുന്നു. അന്നു രാവിലെമുതൽ സ്റ്റീനായുടെ മനസ്സിൽ എന്തോ ചില ഭയങ്ങൾ ഉരുണ്ടുകൂടിയിരുന്നു. അവൾ ദൈവാലയത്തിലേക്കു പോയി. പരിശുദ്ധ അമ്മയുടെ മുമ്പിൽ മുട്ടുകുത്തി.

"ഞാൻ എന്തു തീരുമാനമാണെടുക്കേണ്ടതെന്ന് എനിക്കു മനസ്സിലാകുന്നില്ല. പരിശുദ്ധ അമ്മേ, അമ്മയാണ് എന്റെ കാവലാൾ. അമ്മ എനിക്കുവേണ്ടി ഈശോയോടു ചോദിക്കാമോ?..."

എത്ര സമയം അങ്ങനെയിരുന്നുവെന്ന് അവൾക്കുതന്നെ അറിയില്ല. മിനിക്കുട്ടി വന്നു തട്ടിവിളിച്ചപ്പോഴാണ് അവൾ ഉണർന്നത്.

"ചേച്ചീ, നമ്മുടെ മാഗിയമ്മയെ വണ്ടിയിടിച്ച് ആശുപത്രിയിലാക്കി". ഒറ്റ ശ്വാസത്തിൽ അവളതു പറഞ്ഞു തീർത്തു. അതുകേട്ട സ്റ്റീനാ പള്ളിയിൽനിന്നിറങ്ങി ഓടുകയായിരുന്നു. വാർത്ത സത്യമാണ്. സിസ്റ്റർ കുട്ടികൾക്കു പച്ചക്കറി വാങ്ങാൻ പോയിവരുമ്പോൾ ഒരു ജീപ്പിടിച്ചതാണ്. ഗുരുതരമായി പരിക്കേറ്റ സിസ്റ്റർ ആശുപത്രിയിൽ എത്തുംമുമ്പ് മരിച്ചു...

കഴിഞ്ഞ വർഷം ഗൊരേത്തിയമ്മ. ദേ, ഇപ്പോൾ മാഗിയമ്മയും... വല്ലാത്തൊരു നീറ്റൽ അവളുടെ മനസ്സിൽ തോന്നി. മാഗിയമ്മയെ സ്നേഹിച്ചു തുടങ്ങിയിരുന്നു എല്ലാവരും.

"നിന്നെ ഞാൻ നിരാശപ്പെടുത്തും" എന്ന് സാത്താൻ വെല്ലുവിളിച്ചത് അവൾ ഓർത്തു.

"ഇല്ല, എന്റെ ഈശോയോടും മാതാവിനോടുമുള്ള ബന്ധത്തിൽനിന്ന് ഒരു പ്രതിസന്ധിക്കും എന്നെ അകറ്റാനാവില്ല"...

മാഗിയമ്മയ്ക്കു പകരം സിസ്റ്റർ സിയന്ന ചാർജ്ജെടുത്തു. എത്ര പെട്ടെന്നാണ് കാര്യങ്ങൾക്കു മാറ്റം വരിക? വളരെ കർശന സ്വഭാവമുള്ള സിസ്റ്ററിന്റെ കീഴിൽ അന്നുവരെയുണ്ടായിരുന്ന പല സ്വാതന്ത്ര്യങ്ങളും അവർക്കു നഷ്ടപ്പെട്ടു. പഠനമാണ് പ്രധാനമെന്നും കൂട്ടുകൂടലും കളിചിരികളും ടി. വി. കാണലും നിയന്ത്രിക്കണമെന്നും സിസ്റ്റർ നിർദ്ദേശിച്ചു. എല്ലാവരുടെയും ഡയറികളും ബുക്കുകളുമെല്ലാം സിസ്റ്റർ പരിശോധിച്ചു. പട്ടാളച്ചിട്ടയിൽ മുന്നോട്ടുപോയപ്പോൾ ഒരുതരം മടുപ്പ് അവർക്ക് അനുഭവപ്പെട്ടു.

സെപ്റ്റംബർ 14... കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസം സ്റ്റീനായ്ക്ക് തലയിലെ മുറിവിൽനിന്ന് പഴയതുപോലെ രക്തം വന്നു. അവൾ ചാപ്പലിൽ മോഹാലസ്യപ്പെട്ടു വീണു. വൈകുന്നേരം സ്റ്റീനായെ സിസ്റ്റർ മുറിയിലേക്കു വിളിപ്പിച്ചു.

''ഇതൊക്കെ ഒരുതരം ഹിസ്റ്റീരിയാ ആണ്. നിന്റെ കുടുംബത്തിൽ മാനസികരോഗികൾ ഉണ്ടായിരുന്നോ? നിന്നെ ഞാൻ ഒരു ഡോക്ടറെ കാണിക്കാം".

രാത്രി അവൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. താൻ ഒരു മനോരോഗിയാണെന്ന് സിസ്റ്റർ പറഞ്ഞിരിക്കുന്നു. ശരിയായിരിക്കാം. അല്ലെങ്കിൽപിന്നെ എനിക്കുമാത്രം എന്താ ഇങ്ങനെയൊക്കെ... എല്ലാം തോന്നലുകൾ ആണെങ്കിൽ രക്തം ഒഴുകിവന്നത് സത്യമല്ലേ?

അവൾ കൂടുതൽ മൗനിയായി. അധികം ആരോടും സംസാരമില്ലാതായി. സ്കൂളിലെ പഠനാനുബന്ധ പ്രവർത്തനങ്ങളിൽനിന്നെല്ലാം മനഃപൂർവം ഒഴിഞ്ഞുമാറി. ക്ലാസ് ടീച്ചറായിരുന്ന വിൻസിടീച്ചർ അവളോടു ചോദിച്ചു: "എന്താ സ്റ്റീനാ, താൻ ഒത്തിരി മാറിയിരിക്കുന്നു. പഠിക്കുന്നുണ്ട്. പക്ഷേ താൻ വേറെ ഏതോ ആളായതുപോലെ".

"ശരിയാ ടീച്ചറേ, അവളിപ്പോൾ ഒരു പാട്ടുപോലും പാടുന്നില്ല".

"എനിക്കു കുഴപ്പമൊന്നുമില്ല ടീച്ചർ".

തന്റെ പ്രത്യേക അവസ്ഥകൾ മറ്റാരും അറിയരുതെന്ന് അവൾ ആത്മാർത്ഥമായി ആഗ്രഹിച്ചു. എല്ലാവരും ഉറങ്ങിയെന്നു ബോധ്യപ്പെട്ടതിനുശേഷം അവൾ മുട്ടുകുത്തി പ്രാർത്ഥിച്ചു...


"ഈശോ, ഞാൻ നിന്റേതാണ്, നിന്റെ മാത്രം. പരിശുദ്ധ അമ്മേ, നിന്റെ പുത്രനുമാത്രം അവകാശപ്പെട്ടവളായി എന്നെ നീ കാക്കണമേ. എന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഒന്നും ഇനി വേണ്ട. എനിക്കു സ്വർഗത്തിൽ ദൈവത്തെ സ്തുതിച്ചു ജീവിച്ചാൽ മതി".

നേരം പുലർന്നപ്പോൾ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന അവസ്ഥയിൽ സ്റ്റീനായെ ആദ്യം കണ്ടത് സിസ്റ്റർ സിയന്ന തന്നെയായിരുന്നു. സിസ്റ്റർ അടുത്തു വന്നപ്പോഴാണ് ആ കാഴ്ച കണ്ടത്. അവളുടെ കൈകളിൽനിന്നും കാലുകളിൽനിന്നും നെറ്റിയിൽനിന്നും നെഞ്ചിൽനിന്നും രക്തം ഒഴുകി വന്നിരിക്കുന്നു. സിസ്റ്റർ അവളെ തൊട്ടപ്പോൾ അവൾ മറിഞ്ഞു വീണു. പക്ഷേ അവളുടെ ശ്വാസം നിലച്ചിരുന്നു. സിസ്റ്റർ അറിയാതെ ഉറക്കെ പറഞ്ഞു: " എന്റെ കർത്താവേ, എന്റെ ദൈവമേ".

പതിനാലു വർഷംമാത്രം നീണ്ട ഒരു കൊച്ചുജീവിതം വിശ്വാസത്തിനു സാക്ഷ്യമായി അവസാനിച്ചപ്പോൾ അവളുടെ കാവലായിരുന്നവർ തങ്ങളുടെ മടിയിലേക്ക് അവളെ സ്വീകരിച്ചുവെന്ന് ഏവർക്കും ബോധ്യമായി.

(അവസാനിച്ചു)






ഷിജി പറപ്പള്ളിയാത്ത്

# മോശ

**ഈ**ജിപ്തിലേക്കു കുടിയേറി പാർത്ത ഇസ്രയേൽക്കാർ പെട്ടെന്ന് വർദ്ധിച്ചുപെരുകി. ഇത് തങ്ങളുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് ഭീഷണിയാകുമെന്നു ഭയന്ന്, അവരുടെ സംഖ്യാബലം കുറയ്ക്കാൻ ഫറവോ അവരോട് ഭീകരമായ ക്രൂരതകൾ കാട്ടാൻ തുടങ്ങി. ജോലിഭാരം അധികമായി കൂട്ടിയും ജോലിക്കാവശ്യമായ വസ്തുക്കളുടെ ലഭ്യതകുറച്ചും, അതോടൊപ്പം വേലയുടെ സമയം കഷ്ടപ്പാടുകൾ നിറഞ്ഞതാക്കാൻ മർദ്ദനവുംകൂടി തുടർന്നുകൊണ്ട് ഭരണാധികാരികൾ ഇസ്രായേൽക്കാരെ പീഡിപ്പിച്ചു. കൂടാതെ ഇസ്രായേല്യരുടെ ആൺകുഞ്ഞുങ്ങളെ നൈൽ നദിയിൽ എറിഞ്ഞുകൊല്ലുവാൻ ഉത്തരവിടുകയും ചെയ്തു. ലേവിഗോത്രത്തിൽപെട്ട അമ്രാം തന്റെ പിതൃസഹോദരിയായ യോക്കോബെദിനെ ഭാര്യയായി സ്വീകരിക്കുകയും അവളിൽനിന്ന് അഹറോൻ, മോശ എന്നിവർ ജനിക്കുകയും ചെയ്തു (പുറ 6,20). മോശ ജനിച്ചപ്പോൾ ശിശു കോമളനായിരുന്നതിനാൽ അവന്റെ മാതാപിതാക്കൾ മൂന്നുമാസം രഹസ്യമായി അവനെ വളർത്തി. തുടർന്നും ആ കുഞ്ഞിനെ വളർത്തുക ദുഷ്കരമായപ്പോൾ അവനെ ഞാങ്ങണകൊണ്ടു നെയ്ത് കളിമണ്ണും താറും പൂശിയ പേടകത്തിൽ കിടത്തി നൈൽ നദിയിൽ വച്ചു. അവന് എന്തു സംഭവിക്കുമെന്ന് നോക്കി അവന്റെ സഹോദരി കുറെ അകലെ മാറി നിന്നു. ഫറവോയുടെ പുത്രി തോഴിമാരോടൊപ്പം കുളിക്കാനെത്തിയപ്പോൾ നൈൽ നദിയിലെ ഞാങ്ങണകൾക്കിടയിൽ പേടകം കാണുകയും അതിനുള്ളിലെ ശിശുവിനോട് അവൾക്ക് അനുകമ്പ തോന്നുകയും ചെയ്തു. 'നിനക്കുവേണ്ടി ഈ കുട്ടിയെ മുലയൂട്ടിവളർത്താൻ ഒരു ഹെബ്രായ സ്ത്രീയെ ഞാൻ വിളിച്ചുകൊണ്ടുവരട്ടെയോ' എന്ന് അവന്റെ സഹോദരി രാജപുത്രിയോട് ചോദിച്ചു. അങ്ങനെ ഹെബ്രായ ശിശുക്കളുടെ മരണസ്ഥലമായ നൈൽ നദിയിൽ നിന്ന് എടുക്കപ്പെട്ടവൻ കരുതലോടെ ഫറവോയുടെ രാജധാനിയിൽ വളർത്തപ്പെട്ടു. 'വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ' എന്ന അർത്ഥത്തിൽ മോശ എന്ന് അവൻ വിളിക്കപ്പെട്ടു. പൗരസ്ത്യ പണ്ഡിതന്മാർ അവന് എല്ലാവിധ വിജ്ഞാനവും പകർന്നു നൽകി. അങ്ങനെ അവൻ സമർത്ഥനായിത്തീർന്നു. കൊട്ടാരത്തിലെ സുഖസൗകര്യങ്ങളിൽ കഴിയുമ്പോൾതന്നെ തന്റെ ജനത്തോട് ഈജിപ്തുകാർ കാട്ടുന്ന കൊടുംക്രൂരതകൾ അവന്റെ ഇളം മനസ്സിനെ നൊമ്പരപ്പെടുത്തി. അവിടുത്തെ സുഭിക്ഷിതകളോട് അവന് വെറുപ്പുതോന്നി. അനീതിയെ വെറുക്കുകയും ചെറുക്കുകയും ചെയ്ത അവൻ ഒരു ഈജിപ്തുകാരനെ കൊല്ലുന്നതും നാം കാണുന്നു (പുറ 2,11-12). "പാപത്തിന്റെ നൈമിഷിക സുഖങ്ങൾ ആസ്വദിക്കുന്നതിനെക്കാൾ ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരുന്നതിനാണ് അവൻ ഇഷ്ടപ്പെട്ടത്" (ഹെബ്രാ 11,25).

നാല്പതാം വയസ്സിൽ കൊലപാതകിയായി സമൃദ്ധിയുടെ കൊട്ടാരത്തിൽ നിന്ന് മിദിയാനിലെ ദാരിദ്ര്യത്തിലേക്ക് മോശ ഒളിച്ചോടുന്നു. കാരണം അവൻ ഫറവോയെ ഭയപ്പെട്ടു. മിദിയാനിലെത്തിയ മോശ പുരോഹിതനായ ജെത്രോയുടെ ഭവനത്തിൽ താമസമാരംഭിച്ചു. തന്റെ മകൾ സിപ്പോറായെ ജെത്രോ മോശയ്ക്ക് ഭാര്യയായി നൽകി. മലകളും മരുഭൂമികളും സ്വന്തമായുള്ള മിദിയാനിൽ ജെത്രോയുടെ ആടുകളെ മേയ്ച്ചു കഴിയുന്ന മോശയെ സംബന്ധിച്ചിട

ത്തോളം അതൊരു ശുദ്ധീകരണത്തിന്റെ നാളുകളായിരുന്നു. മോശയുടെ ജീവിതത്തിന്റെ ഊടും പാവുമായി നിന്നത് ഈ മലയും മരുഭൂമിയുമാണ്. ഒന്നോർത്താൽ രണ്ടിടങ്ങളും നൊമ്പരം സമ്മാനിക്കുന്നതാണ്, ദുരിതഭൂമിയിലെ വേദനകൾ ഇറക്കിവയ്ക്കാവുന്ന ഇടവുമാണ്. ശാന്തനാകാനും ശക്തനാകാനും പറ്റിയ ഇടം. "മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലും വച്ച് സൗമ്യനായിരുന്നു" (സംഖ്യ 12,3). മോശ എന്ന വ്യക്തി പലതരം പാഠങ്ങൾ അവിടെനിന്നു പഠിച്ചു. ഒരു പരീക്ഷണശാലയായും ദൈവസ്വരം ശ്രവിക്കുന്ന പഠനശാലയായും ദൈവസന്ദർശനത്തിന്റെ മേഖലയായും മരുഭൂമിയും മലയും അവന് വ്യക്തിത്വം സമ്മാനിച്ചു.

മരുഭൂമി കാലഘട്ടം എന്നത് ദുഃഖത്തിന്റെയും ആനന്ദത്തിന്റെയും കാലമാണ്. കാരണം അത് മരണത്തിന്റെയും ജീവിതത്തിന്റെയും സ്ഥലമാണ്. ഇസ്രയേൽക്കാരെ സംബന്ധിച്ച് അത് 'നാളെ'യുടെ പുതിയ തലമുറ പിറവിയെടുക്കുന്ന സ്ഥലമാണ്. താഴ്‌വരയിൽ സംഘർഷം കനക്കുമ്പോൾ, മരുഭൂമിയിൽ ജനം തനിക്കെതിരെ തിരിയുമ്പോൾ മോശയുടെ മിഴികൾ മലമുകളിലേക്ക് തിരിയും. കാരണം ഏതു പ്രശ്നത്തിനും ഉത്തരം അവിടെനിന്ന് കിട്ടും. തന്റെ കദനഭാരം അവനവിടെ അഴിച്ചുവച്ചിട്ടുണ്ട്. ദൈവവുമായി നേർക്കുനേർ നിൽക്കുന്ന മോശയുടെ മുഖം പ്രകാശപൂർണ്ണമാകും. അവന്റെ തിരിച്ചുവരവിൽ ആ പ്രഭ ജനം കണ്ടിരുന്നു. കഷ്ടതയുടെ നാളുകളിൽ ദൈവഹിതത്തിനായി മലമുകളിലേക്ക് തിരിയാനും കദനങ്ങൾ അവിടെ ഇറക്കിവയ്ക്കാനും ദൈവസ്വരം ശ്രവിക്കുവാനും മോശ നമ്മുടെ മുമ്പിലും നിൽപുണ്ട്. ആടിനെ മേയിച്ച മോശയിൽ നല്ല ഇടയന്റെ വിശ്വസ്തത ദൈവം കണ്ടു. മരുഭൂമിയിലെ ദൈർഘ്യമേറിയ കാലയളവിൽ തന്റെതന്നെ പ്രവണതകളിൽനിന്നുള്ള ശുദ്ധീകരണം അവനിൽ നടന്നു. പിതാക്കന്മാരുടെ ദൈവത്തെക്കുറിച്ചുള്ള അറിവിലേക്ക് അവൻ വിളിക്കപ്പെട്ടു. ഏകനായി മരുപ്രദേശങ്ങളിൽ ചിന്തിച്ചും ധ്യാനിച്ചും അവൻ നടന്നു. കത്തിജ്വലിക്കുന്നെങ്കിലും എരിഞ്ഞുചാമ്പലാകാത്ത മുൾപ്പടർപ്പൊരുക്കി ഹോറേബുമലയിൽ കാത്തുനിന്ന ദൈവത്തിന്റെ സന്നിധിയിൽ അവന്റെ പാദങ്ങൾ എത്തുവോളം നിശബ്ദതയുടെ എളിയ ജീവിതം മോശ നയിച്ചു.



ഈജിപ്തിന്റെ പാപക്കറയുടെ ചെരിപ്പുകൾ അഴിച്ചുമാറ്റാനും സ്വാർത്ഥതയുടെയും അമർഷത്തിന്റെയും വഴി വിട്ടകലാനും അവനെ സ്വതന്ത്രനാക്കി മലമുകളിലേക്ക് മിഴിതിരിക്കാൻ ക്ഷണിക്കുന്ന ദൈവത്തിന് മോശയെക്കുറിച്ച് ഒരു നിയോഗമുണ്ടായിരുന്നു. തന്റെ ജനത്തിന്റെ - ഇസ്രായേലിന്റെ വിമോചകനാകാനുള്ള വിളി. ദൈവസാന്നിധ്യത്തിന്റെ അണയാത്ത അഗ്നി അസാധാരണമായിതന്നെ മോശയുടെ ഹൃദയത്തിൽ നിലയുറച്ചിരുന്നു. കർത്താവ് മോശയോട് സംസാരിച്ചു: "നീ ഈജിപ്തിലേക്ക് തിരികെ പോകുക. എന്റെ ജനമായ ഇസ്രായേലിനെ പുറത്തുകൊണ്ടുവരിക". കെട്ടിപ്പടുക്കാൻവേണ്ടി തച്ചുടയ്ക്കപ്പെട്ട ഒരു ജനതയുടെ കേന്ദ്രമായി നിലകൊള്ളേണ്ടവനാണ് മോശ. തന്റെ കുറവുകളെക്കുറിച്ച് നന്നായി അറിയാമായിരുന്ന മോശ ഈജിപ്തിലേക്ക് പോകാൻ മടിക്കുന്നു. തന്റെ പരിമിതികൾ ദൈവതിരുമുമ്പിൽ തുറന്നുകാട്ടുന്നു (പുറ 3,11; 4,10). ഒരു കൊച്ചുകുഞ്ഞിനെപ്പോലെ 'അപ്പാ, ഞാൻ വിക്കനാണ്. എനിക്കു ഭയമാണ്' എന്നൊക്കെ പറയുംപോലെ തോന്നാം. മോശയുടെ സ്വയം തുറന്നുവയ്ക്കൽ പുതിയ നിയോഗത്തിലേക്ക് വഴിമാറുന്നു. വിക്കു മാറ്റുന്നതിനു പകരം അഹറോനെ വക്താവായും, ദൈവസാന്നിധ്യത്തിന്റെ സജീവസാന്നിധ്യമായ ഇടയദണ്ഡ് നൽകിയും മോശയെ ദൈവം കൂടെ നടത്തുന്നു. വിശ്വാസത്തിന്റെ ഈ ദണ്ഡ് കൈമോശം വന്നാൽ നിവർന്നുനില്ക്കാൻ കെൽപില്ലാത്തവരായിത്തീരും നാം. നമ്മുടെ ശക്തി ചോർന്നുപോകുമ്പോൾ വിശ്വാസത്തിന്റെ ഊന്നുവടി ധൈര്യം പകരും.

"നീ ഫറവോയുടെ അടുക്കൽ പോകുക", "ജനങ്ങളുടെ അടുക്കൽ പോകുക" എന്നീ നിർദ്ദേശങ്ങൾക്കുമുമ്പിൽ "പോകാൻ ഞാൻ ആരാണ്" എന്ന മറുചോദ്യനിലപാടാണ് മോശയിൽ ആദ്യമുയരുന്നത്. എന്നാൽ ദൈവത്തിലുള്ള ആശ്രയത്വവും ദൈവനാമത്തിലുള്ള തീർച്ചയും അവനെ ഒരു പുറപ്പാടിന് ശക്തനാക്കുന്നു. "എന്റെ ജനത്തെ വിട്ടയയ്ക്കുക" എന്ന് ഫറവോയുടെ മുഖത്ത് നോക്കി ധീരമായി അവൻ പറഞ്ഞു (പുറ 2,11-14). മോശ തന്റെ ജനത്തിന്റെ വിമോചനത്തിനായി ഫറവോയെ സമീപിച്ചപ്പോഴെല്ലാം ഫറവോയുടെ മനസ്സ് കുറെക്കൂടി കഠിനമാവുകയും ജനത്തിന്റെമേൽ ക്രൂരതകാട്ടുകയും ചെയ്തുകൊണ്ടിരുന്നു. ഒന്നൊന്നായി ബാധകൾ ഈജിപ്തിന്റെമേൽ അയച്ചിട്ടും ഫറവോ മനസ്സുമാറ്റിയില്ല. ഒടുവിൽ ആദ്യജാതരെ സംഹരിച്ച രാത്രിയിൽ ഇസ്രായേൽക്കാരെ ഫറവോ വിട്ടയച്ചു. ഒരു ജനതയായി ചെങ്കടൽ കടന്ന ഇസ്രായേലിന്റെകൂടെ പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും ദൈവം കൂടെനടന്നു.

ഇസ്രായേൽ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സമർത്ഥനായ നേതാവുമാത്രമല്ല വിമോചകനും പ്രവാചകനുമായിരുന്നു മോശ (നിയ 34,11-12). ദൈവവിശ്വാസം, ക്ഷമ, ധീരത, വിവേകം എന്നിവ അവനിൽ നിറഞ്ഞുനിന്ന ഗുണങ്ങൾ തന്നെ. അനേക സാഹചര്യങ്ങളിൽ ദൈവത്തിന്റെ നീതിനിർവഹകനായിരിക്കേണ്ടിയും വന്നു. ഇസ്രയേൽ ദൈവകല്പന പാലിക്കാതെ വന്നപ്പോൾ ഒരു ശിശുവിനെപ്പോലെ അവൻ നിയമപലക തച്ചുടയ്ക്കുന്നു. കൂടാതെ ചിലപ്പോഴെല്ലാം, "ഈ ജനതയെ നശിപ്പിക്കാൻ ഞാൻ തീരുമാനിച്ചു" എന്ന് രോഷാകുലനായി ദൈവം പറഞ്ഞപ്പോൾ, പാപം ചെയ്ത ഇസ്രയേൽ മക്കൾക്കു പകരം തന്നെ നശിപ്പിച്ചുകൊള്ളാൻ കേഴുന്ന അമ്മ മനസ്സിന്റെ ഭാവവും മോശയിൽ പ്രകടമായിരുന്നു. നാല്പതു വൽസരം ഇസ്രയേലിനെ മരുഭൂമിയിലൂടെ നയിച്ചപ്പോൾ അവർ തളർന്ന ഇടങ്ങളിൽ താങ്ങായും വിശന്നപ്പോൾ വിരുന്നൂട്ടിയും തെറ്റിനടന്നപ്പോൾ പ്രഹരം നൽകിയും ദൈവപരിപാലനയുടെ കരത്തോട് അവരെ ചേർത്തു നടത്തി. ദൈവിക തീക്ഷ്ണതയാൽ എപ്പോഴും ജ്വലിച്ചവനായിരുന്നു മോശ. സമയാസമയങ്ങളിൽ ദൈവതിരുമനസ്സ് ജനത്തെ അറിയിച്ചു. "കർത്താവിനോട് സ്നേഹിതനോട് എന്നപോലെ മോശ മുഖാഭിമുഖം സംസാരിച്ചിരുന്നു" (പുറ 3,3-11; നിയമ 34,10). ദൈവത്തിന്റെ

വക്താവായും ജനത്തിന്റെ മദ്ധ്യസ്ഥനായും മോശ നിലകൊണ്ടിരുന്നു. അവരുടെ നൊമ്പ രങ്ങളിൽ ദൈവസന്നിധിയിൽ ഹൃദയവും കര ങ്ങളും ഉയർത്തിപ്പിടിച്ച് മദ്ധ്യസ്ഥത വഹിച്ചു (പുറ 17,8-13; 14-17; 32,11-14; 32,31-35).

ചെങ്കടൽ കടക്കുന്ന അവസരത്തിൽ തങ്ങളെ പിൻതുടർന്ന ഈജിപ്തുകാരെ പിറ കിലും ഭീതിയുടെ ചെങ്കടൽ മുമ്പിലും കണ്ടു നിലവിളിച്ച ജനത്തിന് ദൈവാശ്രയത്തിന്റെ, ദൈവകരുതലിന്റെ പ്രതീക്ഷയാണ് മോശ പക രുന്നത്. "കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരു ന്നാൽ മതി" (പുറ 14,14). മോശയ്ക്ക് നൂറ്റിയി രുപതു വയസ്സായപ്പോൾ ദൈവഹിതപ്രകാരം ജോഷ്വായെ തന്റെ പിൻഗാമിയായി തെര ഞ്ഞെടുത്തു (സംഖ്യ 27,12-23). തനിക്ക് വാഗ്ദാനദേശത്തു പ്രവേ ശിക്കാൻ സാധിക്കാതെപോയ തിനെ അദ്ദേഹം സ്വീകരിക്കുന്നു. കാരണം മരണത്തിനു വിധിക്കപ്പെട്ട പാവപ്പെട്ട ജനതയുടെ ഭാഗമാണ് അദ്ദേഹവും. ജെറീക്കോയുടെ എതിർവശത്ത് നെബോമലയിലെ പിസ്ഗായുടെ മുകളിൽ കയറി വാഗ്ദ ത്തഭൂമി മോശ നോക്കിക്കണ്ടു. മൊവാ ബുദേശത്തുവച്ച് അദ്ദേഹം മരിച്ചു. അതിന്റെ താഴ്വരയിൽ അദ്ദേഹത്തെ സംസ്കരിച്ചു.

നമ്മുടെ ജീവിതവും മോശയുടേ തുപോലെ മരുഭൂമിയുടെയും മലകളുടേതു മായ സഹനങ്ങളിലൂടെ കടന്നുപോകേണ്ടിവ ന്നേക്കാം. നമുക്കായി ഒരുക്കിയ നിയോഗം പൂർത്തിയാക്കാൻ ശ്രമിക്കുമ്പോൾ വേദനയും പ്രതികൂലസാഹചര്യങ്ങളും ഞെരുക്കുമെ ങ്കിലും ശാന്തതയും ധൈര്യവും കൈവെടിയ രുത്. പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും പിൻബലത്തോടെ എല്ലാറ്റിനെയും നേരി ടാനാവണം. ഒരുപക്ഷേ വിശുദ്ധിയുടെ വാഗ്ദത്ത ഭൂമിയിലേക്ക് വിശ്വസ്തതയുടെ ഒരു ചുവട് മാത്രമേ വയ്ക്കാൻ സാധിച്ചുള്ളു എങ്കിലും നഷ്ടധൈര്യരാകാതെ അതും സ്വീക രിക്കാൻ പഠിക്കാം.

**മോശ നൽകുന്ന പാഠം**

*** സർവ്വോപരി ദൈവപരിപാലനയിൽ ആശ്രയിക്കുക.**

*** പരിമിതികളെ അംഗീകരിച്ച് പ്രാർത്ഥ നയാകുന്ന മലമുകളിലേക്ക് മിഴിതി രിക്കുക**

*** വിശ്വാസവും ദൈവസാന്നിധ്യ അവ ബോധവും നിലനിർത്തുക**

*** ദൈവതിരുമുമ്പിൽ മറ്റുള്ള വർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുക.**





# തിരസ്കരിക്കപ്പെട്ട സമ്മാനം

**സാബി കോഴിക്കോട്**

**എ**ങ്ങനെയെന്നറിയില്ല, പൂർവ്വജന്മത്തിലെവിടെയോ കണ്ടുമുട്ടിയ സൗഹൃദത്തിന്റെ ബാക്കി പത്രമെന്നപോലെ ചുരുങ്ങിയ കാലയളവുകൊണ്ട് പരിചയപ്പെട്ട് കൂടപ്പിറപ്പിന്റെ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതായിരുന്നു ഞങ്ങളുടെ സൗഹൃദം. ഞാനും കുടുംബവും അതിവേഗം അവളുടെ കുടുംബത്തിന്റെ ഭാഗമായി മാറി. ദൈവത്തിന്റെ ഇടപെടൽ ഞങ്ങളുടെ ബന്ധത്തെ ഊഷ്മള മാക്കി. ഒരുമിച്ചുള്ള ഓരോ വിശേഷാവസരങ്ങളും ഉത്സവതുല്യമായിരുന്നു. എന്റെ ഓരോ ജന്മ ദിനത്തിന്റെയും തലേന്ന് വിലയേറിയ സമ്മാനങ്ങളുമായി അവൾ എന്നെ തേടിവന്നു. അങ്ങ നെയിരിക്കെ പ്രൊമോഷനുമായി ബന്ധപ്പെട്ട സ്ഥലം മാറ്റത്തിന്റെ കുറിവീണത് എനിക്കായിരു ന്നു. പതിവുപോലെ ഏറെ വേദനയോടെ കുടുംബസമേതം കടന്നുവന്ന സുഹൃത്ത് നല്കിയ സമ്മാനങ്ങളെ മനഃപൂർവ്വം ഞാൻ തിരസ്കരിച്ചു. ഈ പതിവുകൾ അവൾക്കൊരു ബാധ്യത യായി മാറരുതല്ലോ. സമ്മാനങ്ങളെക്കാൾ സ്നേഹത്തിന്റെ കടപ്പാടുമാത്രമേ ഇനി മുതൽ ഞങ്ങൾക്കിടയിൽ ഉണ്ടാകാവൂ എന്ന് ഞാൻ ശഠിച്ചു. യാത്ര പറഞ്ഞ്, തിരസ്കരിക്കപ്പെട്ട സമ്മാ നങ്ങളും എടുത്തുകൊണ്ട് തല കുനിച്ചുപോകുന്ന സുഹൃത്തിന്റെ മുഖം ഇന്നും വിറയാർന്ന ഹൃദയത്തോടെയേ എനിക്കോർക്കുവാൻ കഴിയൂ.

സമ്മാനം നല്കുക, സ്വീകരിക്കുക എന്നത് ഇന്ന് മനുഷ്യജീവിതത്തിന്റെതന്നെ സർവ്വസാ ധാരണമായ ഭാവമായി മാറിയിരിക്കുന്നു. ഏതു വിശേഷങ്ങൾക്കും ഒരു സമ്മാനം കൂടാതെ

പുറത്തിറങ്ങാൻ വയ്യാത്ത സ്ഥിതിയായി.

**എന്താണ് സമ്മാനത്തിന്റെ വിളി:**

**തെരഞ്ഞെടുക്കപ്പെടുവാനുള്ള വിളി**

തെരഞ്ഞെടുക്കപ്പെടുവാനുള്ള അർഹത ഒരിക്കലും തെരഞ്ഞെടുക്കപ്പെടുന്ന വസ്തുവിനെയോ വ്യക്തിയേയോ ആശ്രയിച്ചല്ല. മറിച്ച് തെരഞ്ഞെടുപ്പു നടത്തുന്ന വ്യക്തിയുടെ ഹൃദയവിശാലതയെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ ജീവിതത്തിലെ ഓരോ തെരഞ്ഞെടുക്കപ്പെടലുകളും ദൈവപിതാവിന്റെ കണക്കു കൂട്ടാത്ത, അളവുനോക്കാത്ത, സ്നേഹത്തിന്റെ പ്രതിഫലനംതന്നെ. ഈ തെരഞ്ഞെടുപ്പിനനുസരിച്ചുള്ള യോഗ്യതയും സൗജന്യമായി അവിടുന്ന് നമ്മിൽ നിക്ഷേപിക്കുന്നു. തെരഞ്ഞെടുപ്പുകളിൽ അഹങ്കരിക്കാതെ തെരഞ്ഞെടുത്തവന്റെ ലക്ഷ്യപൂർത്തിക്കായി സ്വയം വഴങ്ങിക്കൊടുക്കുമ്പോൾ അമൂല്യമായ വില ഈ സമ്മാനത്തിനു കൈവരും.

**മറയപ്പെടലിനുള്ള വിളി**

സമ്മാനം ചെറുതോ വലുതോ, വില കൂടിയതോ കുറഞ്ഞതോ എന്തുതന്നെയായാലും നാം പൊതിഞ്ഞേ കൊടുക്കാറുള്ളു. അതൊരു സമ്മാനമാകണമെങ്കിൽ അല്പനേരത്തേക്കെങ്കിലും മറയപ്പെടുകതന്നെ വേണം. പൊതിയാത്ത സമ്മാനങ്ങൾക്കൊന്നും മറ്റുള്ളവരിൽ പ്രതീക്ഷയും ആകാംക്ഷയും ജനിപ്പിക്കാനാവില്ല. നമ്മുടെയൊക്കെ വ്യക്തിപരവും കുടുംബപരവുമായ ജീവിതത്തിലുണ്ടാകുന്ന മറയപ്പെടലുകളിൽ, തിരസ്കരിക്കപ്പെടലുകളിൽ, ഒഴിവാക്കപ്പെടുന്ന അവസ്ഥകളിൽ, ജീവിത നെരിപ്പോടുകളിൽ ദൈവം ഒളിപ്പിച്ചു വച്ചിരിക്കുന്നതും ഈ വിളിയല്ലേ? ഒപ്പം ഒരുറപ്പും അവിടുന്നു തരുന്നു - നമ്മോടൊപ്പം മറയപ്പെടാൻ ഗോതമ്പപ്പത്തിൽ മറയപ്പെട്ടവൻ കൂടെയുണ്ട്.

**വെളിച്ചത്തുവരാനുള്ള വിളി**

സമ്മാനം നിശ്ചിതദിവസം, നിശ്ചയിക്കപ്പെട്ട വ്യക്തിയാൽ വെളിപ്പെടുത്തപ്പെടും. നീയാകുന്ന സമ്മാനത്തിന് ഏറെക്കാലം മറഞ്ഞിരിക്കാനാവില്ല. അതിനെ ദൈവം ഉയർത്തുക തന്നെ ചെയ്യും. എന്നാൽ ആ സമയമോ, മണിക്കൂറോ നമുക്കറിയില്ല. അറിയേണ്ട കാര്യവുമില്ല. ഈ വെളിപ്പെടുത്തൽ ജീവിച്ചിരിക്കുമ്പോൾത്തന്നെയുണ്ടാവാം. ചിലപ്പോൾ മരണശേഷമായിരിക്കാം. സമയം, അത് നമ്മുടെ ഉടമസ്ഥന്റെ പരിധിക്കു വിട്ടുകൊടുക്കാം. അവനിൽ കണ്ണുമടച്ച് ആശ്രയംവയ്ക്കാം. 'വരാനിരിക്കുന്ന മഹത്ത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ എത്ര നിസാരമാണെന്ന് വി. പൗലോസിനെക്കൊണ്ട് പറയിപ്പിച്ചതും ഈ വെളിപാടുതന്നെയാണ്.

**പിതാവിന്റെ സമ്മാനങ്ങൾ**

ദൈവം തന്റെ പ്രിയപുത്രനു നല്കിയ ഏറ്റവും വലിയ സമ്മാനങ്ങളാണ് വൈരൂപ്യങ്ങളിൽ വൈരൂപ്യങ്ങളായ, പാപികളിൽ പാപികളായ നാമോരോരുത്തരും. ലഭ്യമാകുന്ന സമ്മാനങ്ങൾ ഇത്തിരി ഭംഗി കുറഞ്ഞതോ വില കുറഞ്ഞതോ ആണെങ്കിൽ നമ്മുടെ മുഖം അറിയാതെ ചുളിയും. എന്നാൽ ഞാനും നിങ്ങളുമാകുന്ന സമ്മാനത്തെ ഈശോയുടെ കരങ്ങളിൽ ഏല്പിച്ചപ്പോൾ ഇരുകരങ്ങളും നീട്ടി അവനതു സ്വീകരിച്ചു. നാം പാപിയോ, ഒറ്റിക്കൊടുക്കുന്നവനോ, തള്ളിപ്പറയുന്നവനോ, കൊലയ്ക്കു കൊടുക്കുന്നവനോ, പാലു കൊടുത്ത കൈയ്ക്കു കൊത്തുന്നവനോ എന്നൊന്നും അവൻ നോക്കിയില്ല. സമ്മാനത്തിന്റെ വലിപ്പമല്ല, സമ്മാനം നല്കിയവന്റെ ഹൃദയവലിപ്പമാണവൻ നോക്കിയത്. ഈ വലിപ്പത്തിലേക്കാണ് നമ്മെയും അവൻ ക്ഷണിക്കുന്നത്.

**ഈശോയെന്ന സമ്മാനം**

ദൈവം തന്റെ അരുമസന്താനങ്ങളായ മനുഷ്യകുലത്തിനു നല്കിയ ഏറ്റവും വലിയ സമ്മാനമാണ് സ്വപുത്രനായ ഈശോമിശിഹാ. "എന്തെന്നാൽ തന്നിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ

തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). ഈശോമിശിഹായുടെ ഏകജോലി നമ്മുടെ വില നഷ്ടപ്പെടാതെ സൂക്ഷിക്കുക എന്നതുതന്നെ. അതിനുവേണ്ടി അവനു കൊടുക്കേണ്ടി വന്നതോ തന്റെ ജീവരക്തവും. അപരനെ ഊറ്റാൻ വെമ്പൽകൊള്ളുന്ന ഈ ലോകത്ത് സ്വയം ഊറ്റിക്കൊടുക്കാൻ കെല്പുള്ളവന്റെ പക്ഷംചേർന്നാൽ നാമും വില നല്കുന്നവരാകും; നമുക്കും ചുറ്റുമുള്ളവർക്കും.

**സമ്മാനങ്ങളാകാനുള്ള വിളി**

പരസ്പരം സമ്മാനങ്ങളാകാൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും. ഭാര്യ ഭർത്താവിനും, ഭർത്താവ് ഭാര്യയ്ക്കും, മക്കൾ മാതാപിതാക്കൾക്കും, മാതാപിതാക്കൾ മക്കൾക്കും, അതുപോലെ സഹപാഠികൾ, ഗുരുഭൂതർ, ആത്മീയപാലകർ, സുഹൃത്തുക്കൾ, ശത്രുക്കൾ, അയൽവാസികൾ, തൊഴിലാളികൾ എന്നുവേണ്ട നമ്മുടെ ജീവിതവഴികളിൽ ദൈവം കടത്തിവിടുന്ന ഓരോ വ്യക്തികൾക്കും സമ്മാനങ്ങളായി മാറേണ്ടവരാണ് ഓരോ ക്രിസ്ത്യാനിയും.

ഞാനാകുന്ന പൊയ്മുഖത്തിന്റെ വർണ്ണക്കടലാസുകൾ അഴിച്ചുവച്ച് അപരന് ആശ്വാസവും താങ്ങും സാന്ത്വനവും പ്രതീക്ഷയുമാകുവാൻ മനസ്സായാൽ ഈശോമിശിഹാ നമ്മെയും യഥാർത്ഥ സമ്മാനങ്ങളാക്കും. ഒപ്പം നിത്യജീവൻ എന്ന സമ്മാനത്തിന് അവകാശികളുമാക്കും. ദൈവം ദിനംപ്രതി വച്ചുനീട്ടുന്ന അനുഗ്രഹങ്ങൾക്കുമുമ്പിൽ നന്ദി പറയാനായില്ലെങ്കിലും തിരസ്കരിക്കാതിരിക്കാനെങ്കിലും കഴിഞ്ഞെങ്കിൽ!

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# വിമർശനവും വിമർശിക്കുന്നവരും

റവ. ഫാ. ഷിബു പുളിക്കൽ
നെരൂൾ, കല്യാൺ

**ഒ**രിക്കൽ ഒരു കൃഷിക്കാരൻ ഒരു ഹോട്ടലിൽചെന്ന് ഒരു ലക്ഷം തവളക്കാൽ തരാമെന്നു സമ്മതിച്ചു. തന്റെ വീടിനടുത്തുള്ള കുളത്തിൽ നിറയെ തവളകളാണെന്നും രാത്രിയിൽ അവ യുടെ ശബ്ദംമൂലം തനിക്ക് ഉറങ്ങാൻ പറ്റുന്നില്ലെന്നും എല്ലാദിവസവും ആയിരം തവളക്കാൽ വീതം തരാമെന്നും അയാൾ സമ്മതിച്ചു. തിരിച്ചുവന്നു കുളത്തിലിറങ്ങി പരിശോധിച്ചെങ്കിലും അയാൾക്കൊന്നും കിട്ടിയില്ല. അവസാനം കുളത്തിന്റെ കരയിൽ പതുങ്ങിയിരിക്കുന്ന രണ്ടു മെലിഞ്ഞ തവളകളെ അയാൾക്കു കിട്ടി... ഈ ഒച്ച മുഴുവൻ ഉണ്ടാക്കിയത് ഈ രണ്ടു തവളകളായിരുന്നു!

വിമർശനങ്ങൾ കേൾക്കുമ്പോൾ ഭയക്കരുത്. അതു മുഴുവൻ ആളുകളുടെയും അഭിപ്രായമായിരിക്കില്ല. പറയുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടോ എന്നു നോക്കുക. ഇല്ലെങ്കിൽ തള്ളിക്കളയുക. വിമർശനം കേട്ടു തളരരുത്. കാരണം, വഴിയോരത്തെ മാവു കല്ലേറുകളാൽ എത്ര ചതഞ്ഞാലും ചെറുശാഖകൾ ഒടിഞ്ഞുപോയാലും അടുത്തവർഷമിനി കായ്ക്കില്ല എന്ന തീരുമാനം അതിന് എടുക്കാനാവില്ല. ഫലം നൽകുവാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്. അതു നൽകുകതന്നെ വേണം.

സിനഗോഗുകളിൽ ഉണ്ടായിരുന്നവർ അവനെ സൂക്ഷിച്ചുവീക്ഷിച്ചുകൊണ്ടിരുന്നു. സൂക്ഷിച്ചു വീക്ഷിക്കുന്നത് അവന്റെ പ്രബോധനങ്ങൾ കേട്ടു മാനസാന്തരപ്പെടുവാനായിരുന്നില്ല. എന്തെങ്കിലും കുറ്റം കണ്ടുപിടിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ശിഷ്യന്മാരെപ്പോലെതന്നെ ഫരിസേയരും നിയമജ്ഞരും ഈശോയുടെ കൂടെയുണ്ടായിരുന്നു. അത് അവനെ അനുഗമിക്കാനായിരുന്നില്ല. ഈശോയെ എങ്ങനെയെങ്കിലും കുടുക്കിലാക്കാനായിരുന്നു. രോഗികളെ സുഖപ്പെടുത്തുമ്പോഴും പിശാചുബാധ ഒഴിപ്പിക്കുമ്പോഴും വിശന്നുവലഞ്ഞ ശിഷ്യന്മാർ ഗോതമ്പുമണികൾ പറിച്ചുതിന്നുമ്പോഴും ഈശോ വിമർശിക്കപ്പെടുന്നുണ്ട്.

“ആർക്കും തെറ്റുപറ്റാം. നാവുകൊണ്ട് ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത ആരെങ്കിലും ഉണ്ടോ? അയല്ക്കാരനെ ഭീഷണിപ്പെടുത്തുന്നതിനുമുമ്പ് അവനുമായി സംസാരിക്കുക. അത്യുന്നതന്റെ നിയമം നിറവേറ്റാൻ ഇട നല്കുക” (പ്രഭാ 19,16-17).

# ദൈവത്തിനു നേരെ കണ്ണുതുറക്കുക

നോറാ മങ്ങാടൻ

ഇന്നലെ വൈകുന്നേരം കൂടി ഞാൻ കണ്ടതാ വലിയ ളോവയുമിട്ട് എല്ലാവരോടും ചിരിച്ച് വർത്തമാനം പറഞ്ഞ് നടന്നുനീങ്ങുന്ന അച്ചനെ. ഇന്ന് നേരം വെളുത്തപ്പോൾ കേട്ട വാർത്ത അച്ചൻ അറ്റാക്കായി മരിച്ചു എന്നാണ്. പെട്ടെന്ന് മനസ്സിൽ കൂടി റംശാ പ്രാർത്ഥനയിലെ ഗീതം കടന്നുപോയി...

"ഇന്നിളയിൽ നാം വാഴുന്നു
നാളെ നമുക്കിടമെവിടാമോ?
മൃതിയുടെ ചിന്തയിലനുവേലം
മുഴുകും മർത്യനു സൗഭാഗ്യം"

മൃതിയുടെ ചിന്തയിൽ എപ്പോഴും മുഴുകി മരണത്തെ സ്വീകരിച്ചവരാണ് വിശുദ്ധാത്മാക്കൾ. വി. റീത്താ പുണ്യവതി മരണനേരത്ത് തന്റെ അരികിൽ വിഷമിച്ചുനിൽക്കുന്ന സഹോദരിമാരോട് ഇങ്ങനെ പറഞ്ഞു: "എനിക്ക് മരിക്കാൻ പേടിയില്ല. എന്താണ് മരണമെന്ന് എനിക്കറിയാം. ലോകത്തിന് നേരെ കണ്ണടയ്ക്കുകയും ദൈവത്തിനു നേരെ കണ്ണുതുറക്കുകയുമാണത്".



വി. അഗസ്റ്റിൻ മരണത്തെ ഇപ്രകാരമാണ് സ്വാഗതം ചെയ്തത്: ''ഓ! കർത്താവേ, അങ്ങയെ ആസ്വദിക്കാനായി എന്നെ മരിക്കാൻ അനുവദിക്കുക".

വി. ഡോമിനിക് സാവിയോ മരണത്തെ സ്നേഹത്തോടെ കാത്തിരുന്ന വിശുദ്ധനായിരുന്നു. ഓററ്ററിയിലെ കുട്ടികൾക്കിടയിൽ തങ്ങളിൽ ആദ്യം മരിക്കുന്നവർക്കായി ഒരു സ്വർഗ്ഗസ്ഥനായ പിതാവും ഒരു നന്മ നിറഞ്ഞ മറിയവും ഒരു ത്രിത്വസ്തുതിയും ചൊല്ലി കാഴ്ചവയ്ക്കുന്ന ശീലമുണ്ടായിരുന്നു. ഡോമിനിക് സാവിയോ തന്റെ കൂടെയുള്ള കുട്ടികളോട് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "ഇനി പ്രാർത്ഥിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കണം ഞങ്ങളുടെ ഇടയിൽനിന്നും ആദ്യം മരിക്കുന്ന ഡോമിനിക് സാവിയോയെ അനുഗ്രഹിക്കണേ''. അതിനുശേഷം ആദ്യം മരിച്ചത് ഡോമിനിക് സാവിയോ ആയിരുന്നു.

മരണം ഈശോയിൽ ഒന്നായിച്ചേരലാണെന്നും അതു നേട്ടമാണെന്നും സ്വർഗ്ഗത്തിന്റെ സ്വന്തമാകാനുള്ള വിളിയാണെന്നുമുള്ള തിരിച്ചറിവിലാലാണ് വിശുദ്ധാത്മാക്കൾ മരണത്തെ ആനന്ദത്തോടെ വരവേറ്റത്.

പ്രിയമുള്ളവരേ, ഏലിയാ സ്ലീവാ മൂശക്കാലത്തിലൂടെ നാം കടന്നുപോകുമ്പോൾ നിത്യജീവനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നവരാകുവാൻ തിരുസഭ നമ്മെ പ്രചോദിപ്പിക്കുകയാണ് അവളുടെ യാമപ്രാർത്ഥനകളിലൂടെ. പുകപോലെ മാഞ്ഞുപോകുന്ന ഈ ലോകജീവിതം കർത്താവിന്റെ മുമ്പിൽ വിലയുള്ളതാക്കിമാറ്റുവാൻ ലോകത്തിനു മരിച്ചവരായി ദൈവത്തിനുവേണ്ടി ജീവിക്കുന്നവരും സ്വർഗ്ഗം കൈയ്യടക്കുന്നവരുമാകാം. സ്വർഗ്ഗമാകട്ടെ ഇപ്പോഴും എപ്പോഴുമുള്ള നമ്മുടെ ലക്ഷ്യം.

"ദിവ്യരക്ഷകാ, എന്ന് ഏതു മണിക്കൂറിൽ ഏതവസ്ഥയിൽ ഞാൻ മരിക്കുമെന്ന് എനിക്ക് അറിയാൻ പാടില്ലാത്തതിനാൽ അങ്ങയുടെ പീഡാനുഭവത്തിന്റെ യോഗ്യതകളാൽ മരണത്തിന് എന്നെ ഒരുക്കണമേ. ജോലികളിൽ ഉത്സാഹവും, അങ്ങയുടെ കൃപാവരത്തോടു വിശ്വസ്തതയും, പ്രാർത്ഥനകളിൽ ശ്രദ്ധയും, കൂദാശാസ്വീകരണത്തിൽ കൃത്യനിഷ്ഠയും, സുകൃതാഭ്യാസത്തിൽ സ്ഥിരതയും എന്റെ അന്തസ്സിനടുത്ത പുണ്യങ്ങൾ അഭ്യസിക്കുന്നതിൽ തീക്ഷ്ണതയും എനിക്കു തരണമേ. ആമ്മേൻ" (ക്രിസ്താനുകരണം).




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# ഈശോയുടെ അമ്മ അവിടെ ഉണ്ടായിരുന്നു

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നിന്റെ മേളങ്ങൾ ഉയരുന്നുണ്ട്. താളമേളങ്ങൾക്കിടയിൽ ഒരു നനുത്ത കാറ്റുപോലെ മറിയം അവിടെ ഉണ്ടായിരുന്നു. സുവിശേഷത്തിൽ കാണപ്പെടുന്ന മനോഹരമായ സാന്നിധ്യ വിവരണമാണ് "ഈശോയുടെ അമ്മ അവിടെ ഉണ്ടായിരുന്നു" എന്നത്. പരിശുദ്ധ മറിയത്തിന്റെ സവിശേഷതകളോ സൗന്ദര്യമോ, പുണ്യങ്ങളോ വിവരിക്കാതെ അവളുടെ സാന്നിധ്യം മഹനീയമായത് എന്ന് പ്രഘോഷിക്കുകയാണ് സുവിശേഷകൻ... തുടർന്നു വരുന്ന ഈശോയുടെ അത്ഭുതം മറിയത്തിന്റെ സാന്നിധ്യം എങ്ങനെ ഉള്ളതെന്ന് നമ്മോടു പറയുന്നു. ആവശ്യങ്ങളെ കണ്ടറിയുന്ന കണ്ണും, അപമാനഭീതിയിൽനിന്ന് ആനന്ദത്തിലേക്ക് നയിക്കുന്ന ഹൃദയവും അർത്ഥനകൾക്കു നേരെ തിരിയുന്ന കാതുകളും, ആശ്വാസമേകുന്ന സാന്ത്വനവചസ്സുകളും, മനുഷ്യജീവിതത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരവും ഉയരുന്ന ചോദ്യങ്ങളുടെ ഉത്തരവുമായ ഈശോമിശിഹായിലേക്ക് സകലരെയും കൈപിടിച്ചാനയിക്കുന്ന ഗുരുനാഥയായിത്തീരുകയാണ് മറിയത്തിന്റെ സാന്നിധ്യം! ഈശോ വസിക്കുന്ന, ഈശോയെ കാണിച്ചുകൊടുക്കുന്ന കൂടാരമായി മറിയം... ആവശ്യക്കാരുടെ പക്കലേക്കു വന്ന സമൃദ്ധമായ ഭണ്ഡാഗാരം! ദാഹാർത്തരുടെ പക്കലേക്കൊഴുകിയ വറ്റാത്ത നീരുറവ! പാവപ്പെട്ടവരുടെ പക്കലേക്കുവന്ന വിജ്ഞാനപ്രദമായ പ്രബോധനം (മാർ അപ്രേം, കന്യാത്വഗീതങ്ങൾ 31,7). ഈ മിശിഹായിലേക്കാണ് പരിശുദ്ധ അമ്മ മനുഷ്യമക്കളെ നയിക്കുന്നത്. അമ്മയുടെ ആത്മശരീരങ്ങൾ ഈശോയുടെ കൂടാരമായിരുന്നതിനാൽ ആ സാന്നിധ്യമുള്ള ഇടങ്ങളെല്ലാം

സ്വർഗ്ഗമായി മാറി. അനുഗ്രഹങ്ങളുടെ നീർച്ചാലുകൾ ഒഴുകുന്ന വറ്റാത്ത നീരുറവയായി. കാരണം അവൾ ദൈവത്തിൽ വിശ്വസിച്ചു. അങ്ങനെ സുവിശേഷവാക്യങ്ങൾ അവളിൽ അന്വർത്ഥമായി... 'വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും' (യോഹ 7,38).

ജീവിതത്തിലുടനീളം പരിശുദ്ധ അമ്മയുടെ സാന്നിധ്യം നിറഞ്ഞുനിന്ന ഇടങ്ങൾ അനുഗ്രഹിക്കപ്പെട്ടതായി സുവിശേഷങ്ങൾ വിവരിക്കുന്നു.

"വിശുദ്ധിയുടെ അച്ചാരമായി പ്രധാനമാലാഖ മറിയത്തെ അഭിസംബോധന ചെയ്തു. അവളുടെ ഉദരം ദൈവം വസിക്കുന്ന സ്വർഗ്ഗമായി..." (മാർ അപ്രേം മനുഷ്യാവതാരഗീതങ്ങൾ 28,2).

ഏലീശ്വാ പുണ്യവതിയുടെ മുമ്പിൽ ദൈവത്തിന്റെ ആനന്ദമായി വിടരാൻ ദൈവത്തിൽ വിശ്വസിച്ച ഭാഗ്യവതിയായ മറിയത്തിന് സാധിച്ചു.

ബേത്‌ലഹേമിലെ ദാരിദ്ര്യത്തിൽ ദൈവരാജ്യത്തിന്റെ നിധിക്ക് ജന്മം നൽകുവാൻ മറിയത്തിന്റെ വിശ്വാസത്തിന്റെ അനുസരണം നിമിത്തമായി.

നസറത്തിലെ നിശബ്ദതയിൽ ലോകരക്ഷകനെ ആരാധിക്കാൻ മറിയത്തിനു സാധിച്ചു.

പരസ്യജീവിതത്തിന്റെ ഓരോ ചുവടുവയ്പിലും ദൈവഹിതം അനുവർത്തിച്ച് കുരിശിന്റെ പാത പിന്തുടരാൻ വിശ്വാസത്താൽ മറിയം ആനയിക്കപ്പെട്ടു.

വിശ്വസിക്കുകയെന്നാൽ കുരിശിനെ സ്വീകരിക്കുകയാണെന്ന് കാൽവരിയിലേക്കുള്ള യാത്രയിൽ മറിയം പഠിപ്പിക്കുന്നു.

അരക്ഷിതാവസ്ഥയും നിസ്സഹായതയും നിരാശയും ഭയവും ഭാവിയെക്കുറിച്ചുള്ള ഓർമ്മ മുന്നിൽ ഉയർത്തുന്ന കൂരിരുട്ടും ശ്ലീഹന്മാരിൽനിന്ന് ദൂരെയകറ്റാൻ, മറിയത്തിന്റെ സാന്നിധ്യം മതിയായതായിരുന്നു.

സർവ്വവിശുദ്ധിയുടെയും ഉടയവനായ ദൈവം, തന്നെ അവിടുത്തെ കൂടാരമാക്കിയെന്ന സത്യത്തിന്റെ സ്വീകരണവും സമർപ്പണവുമാണ് മറിയത്തിന്റെ സാന്നിധ്യത്തെ മഹത്തരമാക്കിയത്. ക്രൈസ്തവജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യത്തെ - ഈശോയുടെ രണ്ടാംവരവിനെ ധ്യാനവിഷയമാക്കുന്ന ഈ ഏലിയ സ്ലീവാമൂശക്കാലത്തിൽ, കുർബാനയായി എന്നിൽ കൂടാരമടിക്കുന്ന ദൈവത്തിന്റെ കൂടെ വസിക്കാൻ നമുക്കു ശ്രമിക്കാം. അങ്ങനെയായാൽ മറിയത്തെപ്പോലെ നാമും സ്വർഗ്ഗത്തിന്റെ സംവാഹകരാകും.

സുവിശേഷമാകുന്ന കണ്ണാടിയുടെ മുമ്പിൽ നിൽക്കാൻ നമ്മെ അനുവദിച്ചുകൊണ്ട് സ്വയം ഉന്നയിക്കേണ്ട ചില ചോദ്യങ്ങൾ ധൈര്യപൂർവം ചോദിക്കാം... എന്റെ സാന്നിധ്യം സ്വർഗ്ഗമോ? നരകമോ? എന്റെ സാന്നിധ്യം മറ്റുള്ളവർക്ക് അനുഭവവേദ്യമാകുന്നത് എങ്ങനെ? പ്രതീക്ഷയുടെ കിരണങ്ങൾ അപരന്റെ ജീവിതത്തിലേക്ക് വിതറാൻ, കൃപയാൽ രുചികരമായ സംഭാഷണം കേൾക്കുവാൻ എന്റെ സാന്നിധ്യം നിമിത്തമാകുന്നുണ്ടോ? ആനന്ദത്തിന്റെ, ആശ്വാസത്തിന്റെ, അനുകമ്പയുടെ, ആത്മശക്തിയുടെയൊക്കെ സാന്നിധ്യമായി അതു ഭവിക്കുന്നുണ്ടോ? കർത്താവിന്റെ രണ്ടാമത്തെ വരവിനെ മനോധൈര്യത്തോടെ സ്വീകരിക്കുവാൻ ഉള്ളിൽ വസിക്കുന്ന കർത്താവിന്റെ സാന്നിധ്യം നമ്മുടെ കൊച്ചുലോകത്തിന് പകരാൻ യത്നിക്കാം, പ്രാർത്ഥിക്കാം.

കൃപയാൽ നിറഞ്ഞവമാത്രം
ഞാൻ സംസാരിക്കട്ടെ.
വചനത്തിന്റെ അഗ്നിജ്വലിപ്പിക്കുന്നവ
ഞാൻ പഠിപ്പിക്കട്ടെ.
അനുഗ്രഹത്തിന്റെ ആശിസ്സുകൾ
അപരനിലേക്കൊഴുക്കട്ടെ.
ആനന്ദത്തിന്റെ സുവിശേഷമായി
ഞാൻ മാറട്ടെ.
പ്രതീക്ഷയുടെ പുലരി എന്നിൽ ദർശിക്കട്ടെ.
അങ്ങനെ ഞാൻ അപരന്
സ്വർഗ്ഗ സാന്നിധ്യമാകട്ടെ.



# ക്ലീൻ ചിറ്റ്

**ഷിനി തെരേസ് മുതുപ്ലാക്കൽ**

**അ**മേരിക്കൻ ഐക്യനാടുകളിലെ ഇല്ലിനോയിസിയിലെ ഗവർണർ ആയിരുന്ന ജോൺ പാല്മർ ആ സ്റ്റേറ്റിലെ ഒരു ജയിൽ സന്ദർശിച്ചു. തദവസരത്തിൽ അവിടുത്തെ ജയിൽപുള്ളികൾ പലരും അദ്ദേഹത്തോട് പരാതിപ്പെട്ടു: “ഞങ്ങൾ ഒരു കുറ്റവും ചെയ്തിട്ടില്ല. അന്യായമായി കുറ്റം ചുമത്തപ്പെട്ടാണ് ഞങ്ങൾ ഇവിടെ എത്തിയത്. അതുകൊണ്ട് ഞങ്ങളെ വിട്ടയയ്ക്കണം”.

അവരിൽ പലരോടും തനിച്ചും ഗ്രൂപ്പു തിരിച്ചും സംസാരിച്ചതിനുശേഷം അവിടെയുള്ള ഒരു ഹാളിൽ അദ്ദേഹം എല്ലാവരെയും ഒന്നിച്ചുകൂട്ടി. ആയിരത്തോളം വരുന്ന അന്തേവാസികളോട് അദ്ദേഹം പറഞ്ഞു: “കുറ്റം ചെയ്തതുകൊണ്ടാണ് ഞാൻ തടവിലാക്കപ്പെട്ടത് എന്ന് നിങ്ങളിൽ ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ സദയം എഴുന്നേറ്റു നില്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു”. എല്ലാവരും നിശബ്ദരായി സ്വന്തം ഇരിപ്പിടങ്ങളിൽത്തന്നെയിരുന്നു. അല്പ നിമിഷങ്ങൾക്കുശേഷം ആ ഹാളിന്റെ പിൻനിരയിൽനിന്ന് ഒരാൾമാത്രം എഴുന്നേറ്റുനിന്നു. ഗവർണർ അയാളോടു പറഞ്ഞു: “ഞാൻ ഓഫീസിൽ എത്തിയാലുടൻതന്നെ ഇവിടെനിന്നും നിങ്ങളെ മോചിപ്പിക്കാൻ ഓർഡറിടും. നിരപരാധികളായ ഇത്രയധികം ആളുകൾ, അപരാധിയായ നിങ്ങളുടെ സാന്നിദ്ധ്യംമൂലം മോശമായിത്തീരുന്നതിന് ഞാൻ ആഗ്രഹിക്കുന്നില്ല”.

തെറ്റു പറ്റുക മാനുഷികമാണ്. എന്നാൽ അത് അംഗീകരിക്കുന്നവരും ഏറ്റുപറയുന്നവരും വിരളമാണ്. ഈയിടെ മൂന്നാലു വീഡിയോ ക്ലിപ്പുകൾ കാണാനിടയായി. വീട്ടിലുള്ളവർ അറിയാതെ തങ്ങളുടെ പാചകവൈദഗ്ധ്യം വീഡിയോ ആയി പോസ്റ്റു ചെയ്ത് ലൈക്കും ഷെയറും

നേടിയെടുക്കാനുള്ള ചില കുട്ടികളുടെ പരിശ്രമത്തിനിടയിൽ അവർക്കു സംഭവിച്ച അബദ്ധങ്ങ ളായിരുന്നു അതിലുള്ളത്. കാണുന്നവർക്ക് അത് ചിരിക്കാനുള്ള വക നല്കിയെങ്കിലും മറ്റൊരു ചിന്തയും കടന്നുവന്നു. കാരണം, ഒരു തെറ്റ് അല്ലെങ്കിൽ കൈയബദ്ധം പറ്റിയപ്പോൾ ആ കുട്ടി കളുടെയെല്ലാം ആദ്യ പ്രതികരണം ഒരു തിരിഞ്ഞുനോട്ടമായിരുന്നു. വീട്ടിലുള്ള ആരെങ്കിലും അത് കാണുന്നുണ്ടോ എന്നു നോക്കിയതിനുശേഷം എത്രയും പെട്ടെന്ന് സ്ഥലം വൃത്തിയാ ക്കാൻ അവർ ശ്രമിക്കുകയാണ്. അതിനിടയിൽ ക്യാമറ ഓഫാക്കാനും ശ്രദ്ധിക്കുന്നുണ്ട്.

പ്രായത്തിൽ മുതിർന്നാലും ഈ മനോഭാവത്തിനു മാറ്റമുണ്ടാകുന്നുണ്ടെന്ന് കരുതുവാൻ ബുദ്ധിമുട്ടാണ്. കോവിഡ് കേസുകൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിലും കേരളം സമരച്ചൂടിലാണല്ലോ. തെറ്റുകൾ പലതു ചെയ്തു എന്നാരോപിക്കുന്നവരും തെറ്റു ചെയ്തി ട്ടില്ല എന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നവരും തമ്മിലുള്ള സംഘർഷം തുടർന്നുകൊണ്ടിരിക്കുന്നു. അഴിമതിരഹിത, സംശുദ്ധ, ആദർശ, രാഷ്ട്രീയപ്രവർത്തനത്തിന്റെ ആൾരൂപങ്ങൾ അന്യംനി ന്നുപോകുന്ന ഈ കാലഘട്ടത്തിൽ അന്വേഷണ ഉദ്യോഗസ്ഥർക്കു മുമ്പിൽ തങ്ങളുടെ നിരപരാ ധിത്വം തെളിയിച്ച് ക്ലീൻ ചിറ്റു സമ്പാദിക്കാൻ നെട്ടോട്ടമോടുകയാണ് പല നേതാക്കന്മാരും ഉദ്യോഗസ്ഥരും. ജനത്തിന്റെ നികുതിപ്പണം വേതനമായി സ്വീകരിക്കുന്ന ഇക്കൂട്ടർക്ക് ജന ങ്ങൾക്കു 'സേവനം' ചെയ്യാൻ ഇത്തരം ആരോപണപ്രത്യാരോപണങ്ങൾക്കിടയിൽ എവിടെ സമയം! സ്വന്തം കീശ വീർപ്പിക്കാൻ കൈക്കൂലി വാങ്ങിയിരുന്ന കാലവും കടന്ന് ഇപ്പോൾ വീട്ടിലെ അലമാരകളും ബാങ്ക്ലോക്കറുകളും നിറയ്ക്കാൻ പുതിയ പുതിയ വഴികൾ കണ്ടെത്തു ന്നതുകണ്ട് കണ്ണുമിഴിച്ചു നില്ക്കുകയാണ് ജനം! പലതരം കള്ളക്കടത്തുകൾ നടക്കുന്നതിനിട യിൽ വർഗീയവാദികളും ദേശവിരുദ്ധരും ഭീകരവാദികളും നമ്മുടെ കേരളമണ്ണ് കൈയടക്കു ന്നതിനും നമ്മൾ സാക്ഷികളാകുന്നു. പ്രബുദ്ധരാകേണ്ട നമ്മുടെ യുവജനതയുടെ ഒരു നല്ല പങ്കും മൊബൈൽ ഫോൺ ഒരുക്കുന്ന മാസ്മരികതയിലും ചിലർ മയക്കുമരുന്നിന്റെ മായാ ലോകത്തുമാണെന്നതും വിസ്മരിക്കാനാവില്ല.

കൈയിൽ കല്ലുകളുമായി വന്ന ജനക്കൂട്ടം ഈശോയുടെ മുമ്പിൽ പാപിനിയായ സ്ത്രീയെ നിർത്തി അവൾക്കുള്ള വിധി കല്പിക്കാൻ ഈശോയോട് ആവശ്യപ്പെടുന്ന സന്ദർഭം വളരെ നാടകീയമായി അവതരിപ്പിക്കുകയാണ് ധ്യാനഗുരു. അവസാനം 'നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ' എന്ന ഈശോയുടെ വാക്കുകൾ കേട്ടപ്പോൾ കല്ലുകൾ താഴെയിട്ട് അവർ ഓരോരുത്തരായി സ്ഥലം വിടുന്ന രംഗം വിവരിച്ചപ്പോൾ അടുത്തിരുന്ന ആളിന്റെ ഉച്ച ത്തിലുള്ള ആത്മഗതം കേട്ടു... "ഈ കാലത്തെങ്ങാനുമായിരുന്നെങ്കിൽ എല്ലാരുമെറിഞ്ഞേനേ".

തെറ്റു പറ്റിയാൽ അതു തിരിച്ചറിഞ്ഞ് തിരുത്താനുള്ള എളിമയും ധൈര്യവുമാണ് നമുക്കുണ്ടാ കേണ്ടത്. "തെറ്റുകൾ മറച്ചുവയ്ക്കുന്നവന് ഐശ്വര്യമുണ്ടാവുകയില്ല; അവ ഏറ്റുപറഞ്ഞ് പരിത്യ ജിക്കുന്നവന് കരുണ ലഭിക്കും" (സുഭാ 28,13). ഒരുപക്ഷേ മറ്റുള്ളവരുടെ കണ്ണിൽപെടാതെ തെറ്റുകൾ ചെയ്തുകൂട്ടുന്നവരുണ്ടാകും. പക്ഷേ, ദൈവതിരുമുമ്പിൽ എല്ലാം വ്യക്തമാണല്ലോ. 'എന്റെ തെറ്റുകൾ ദൈവത്തിൽനിന്നു മറഞ്ഞിരിക്കുന്നില്ല' (സങ്കീ 69,5) എന്ന ബോധ്യമുള്ള സങ്കീർത്തകൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ബോധപൂർവം ചെയ്യുന്ന തെറ്റുകളിൽനിന്ന് ഈ ദാസനെ കാത്തുകൊള്ളണമേ! അവ എന്നിൽ ആധിപത്യം ഉറപ്പിക്കാതിരിക്കട്ടെ; അപ്പോൾ ഞാൻ നിർമ്മലനായിരിക്കും; മഹാപരാധങ്ങളിൽനിന്നു ഞാൻ വിമുക്തനായിരിക്കും" (സങ്കീ 19,13). ഈ ലോകത്തിന്റെ നശ്വരതയെ ഓർമ്മിപ്പിക്കുന്ന, വരും ലോകത്തിനായി നേട്ടങ്ങൾ കരു താൻ ചിന്തിപ്പിക്കുന്ന ഈ ഏലിയാ-സ്ലീവാ, മൂശെ കാലത്ത് ഇതായിരിക്കട്ടെ നമ്മുടെയും ആഗ്ര ഹവും പ്രാർത്ഥനയും.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ജിൽബി പുരയിടത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പരിശുദ്ധ അമ്മേ, ജപമാലരാജ്ഞി, ഞങ്ങളിതാ നിന്റെ പക്കൽ അണഞ്ഞിരിക്കുന്നു. ഈ ജപമാലമണികളിലൂടെ ഞങ്ങൾ നിന്നോടൊപ്പം പ്രാർത്ഥിക്കുമ്പോൾ, അമ്മേ ഞങ്ങളെ പ്രാർത്ഥിക്കുവാൻ, സ്നേഹിക്കുവാൻ കഴിവുള്ളവരാക്കണമേ.

***ഒന്നാം ദിവ്യരഹസ്യം: പരിശുദ്ധ മറിയം എല്ലാവരുടെയും അമ്മയായവൾ***

അഭയം തേടുന്നവരുടെ ആശ്രയമാകുന്ന മറിയമേ, വേദനയിൽ നീറുമ്പോൾ, ഒറ്റപ്പെടലിൽ തളരുമ്പോൾ, ഞങ്ങളുടെമേൽ അലിവിന്റെ അനുഗ്രഹമഴ പെയ്യുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

***രണ്ടാം ദിവ്യരഹസ്യം: പരിശുദ്ധ മറിയം ഭാഗ്യവതി എന്ന പേരിന് അർഹയായവൾ***

ഈ ലോകഭാഗ്യങ്ങൾ നശ്വരമാണ് എന്നു മനസ്സിലാക്കി പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കനുസരിച്ച് ജീവിതം നയിക്കുവാനും സഹോദരങ്ങളുമായി ഒന്നുചേർന്ന് ഒരേ മനസ്സോടെ പ്രാർത്ഥിക്കുവാനും യഥാർത്ഥ ഭാഗ്യം കൈവരിക്കുവാനും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

***മൂന്നാം ദിവ്യരഹസ്യം: പരിശുദ്ധ മറിയം സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടവൾ***

പരിശുദ്ധാത്മശക്തിയാൽ ഓരോ ദിവസവും പുതുതായി ആരംഭിക്കുവാനും അന്ത്യവിധിയെ പ്രതീക്ഷിച്ചു കാത്തിരിക്കുവാനും സ്വർഗ്ഗഭാഗ്യം അനുഭവിച്ച് നിന്നോടൊപ്പം ദൈവത്തെ സ്തുതിക്കുവാനും അമ്മേ, ഞങ്ങൾക്കായി അങ്ങ് പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

***നാലാം ദിവ്യരഹസ്യം: പരിശുദ്ധ മറിയം സഭയുടെ അമ്മ***

കുരിശിൻ ചുവട്ടിൽവച്ച് ഞങ്ങൾക്കെല്ലാവർക്കും അമ്മയായി നല്കപ്പെട്ട പരിശുദ്ധ മറിയമേ, ഞങ്ങൾ സഭാജീവിതത്തിൽ വിശ്വസ്തത പുലർത്താനും കൃപകളാൽ നിറഞ്ഞ് അനുദിനം വളരാനും വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

***അഞ്ചാം ദിവ്യരഹസ്യം: പരിശുദ്ധ മറിയം മനുഷ്യവംശത്തിനു ധൈര്യം നല്കുന്നവൾ***

ഞങ്ങളുടെ ജീവിതയാത്രയിൽ വഴിയും ദീപവുമായി കൂടെനിന്ന്, ഭീതിയാർന്ന അനുഭവത്തിലും പാപഭയത്തിലും ഞങ്ങൾ തളരുമ്പോൾ താങ്ങും തണലുമായി ധൈര്യം പകർന്ന് മുന്നോട്ടു നയിക്കുന്ന പരിശുദ്ധ അമ്മേ, വഴിതെറ്റാതെ അങ്ങേ പുത്രന്റെ സവിധത്തിലണയാൻ അങ്ങ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“ആകാശത്തിലെ പക്ഷികളെ നോക്കുവിൻ;
അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല,
കളപ്പുരയിൽ ശേഖരിക്കുന്നുമില്ല.
എങ്കിലും, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്
അവയെ തീറ്റിപ്പോറ്റുന്നു.
അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ!”
(മത്താ 6,26)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th September 2020

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"നരനണയുന്നു വെറും കൈയോ-
ടിളയിൽ തന്നുടെ ജനനത്തിൽ
ലോകം വിട്ടു വെറും കൈയോ-
ടവനകലുന്നു മരണത്തിൽ
ദുർഭഗയാമെന്നാത്മാവേ,
അനുതാപത്തോടുണരൂ നീ
അഴിയും ഭൗമികധനമിയലും
ലോകം നശ്വരമറിയൂ നീ
നന്മയ്ക്കഖിലം നിലയനമായ്
സ്ലീവാ മുന്നിൽ രാജിപ്പൂ
അവിടെയണഞ്ഞു സഹായം നാം
തേടണമെന്നും സാനന്ദം"
(ഏലിയാ-സ്ലീവാ, മൂശെ കാലങ്ങൾ,
തിങ്കൾ-റംശാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal